# ആത്മപ്രകാശിനി

## 2009 ഫെബ്രുവരി

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# അകത്താളുകളിൽ

**മഹത്വത്തിന്റെ രാജാവ്**
കെ.എ.ഫിലിപ്പ് ................................... 3

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ......................... 5

**പരിണാമ സൃഷ്ടി വിവാദം........**
ഡോ.ജോൺസൺ ജോർജ്ജ്........... 7

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 9

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് ............................. 11

**പുനരുത്ഥാനത്തിന്റെ പ്രസക്തി**
യോഹന്നാൻ ഏബ്രഹാം ................ 12

**പഞ്ചഗ്രന്ഥങ്ങളുടെ ഘടന**
മാത്യു പോൾ ....................................... 14

**ക്രിസ്തുവിന്റെ സ്ഥാനാപതികൾ**
സുനീഷ് ബാലൻ ................................ 15

**വ്യർത്ഥ സൗന്ദര്യം**
കുഞ്ഞമ്മ ചാക്കോ ............................. 17

**മടങ്ങിവരവ്**
കെ.വി. ജോൺ ............................... 18

**അനുസ്മരണം** (പി.കെ. മാത്യൂസ്)
പോൾ കെ. രാമകൃഷ്ണൻ .......... 19

**ബൈബിൾ പ്രശ്നാവലി ................** 21

**വാർത്തകളും, കുറിപ്പുകളും** 22

### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*

## ആത്മപ്രകാശിനി

**Vol. XXVIII** **No.2**

## 2009 ഫെബ്രുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@hotmail.com
+919447265500

# മഹത്വത്തിന്റെ രാജാവ്

കെ.എ. ഫിലിപ്പ്

***മഹത്വത്തിന്റെ രാജാവ് ആര്?*** ദാവീദിന്റെ ചോദ്യം. ഉത്തരവും ദാവീദ് തന്നെ പറയുന്നു; ***ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നെ*** (സങ്കീ. 24:8). മഹത്വമുള്ള രാജാവ് എന്നല്ല, മഹത്വത്തിന്റെ രാജാവ് എന്നാണ് പ്രയോഗം. സകല മഹത്വത്തിന്റെയും ഉടയവനും സ്രോതസ്സുമായവൻ. മാത്രമല്ല, ശക്തനും വീരനും കൂടിയാണ്; യുദ്ധവീരൻ. ദാവീദിനു ശേഷം, എന്നുവച്ചാൽ ഏകദേശം മുന്നൂറു വർഷങ്ങൾക്കു ശേഷം യെശയ്യാവ് ഒരു സമാധാനപ്രഭുവായ വീരനാം ദൈവത്തെപ്പറ്റിപ്പറയുന്നുണ്ട്. ഈ രണ്ടു പ്രവാചകന്മാരും ഒരൊറ്റ വ്യക്തിയെപ്പറ്റിയാണു പറയുന്നത്; മഹത്വത്തിന്റെ രാജാവിനെപ്പറ്റിത്തന്നെ.

യെശയ്യാവിനും 700 വർഷങ്ങൾക്കുശേഷം പൂർവ്വദേശനിവാസികളായ ഏതാനും വിജ്ഞാനികൾ യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ എന്നു ചോദിച്ചു കൊണ്ട് ഹേരോദാവിന്റെ കൊട്ടാരത്തിലേയ്ക്ക് കയറി ചെല്ലുകയുണ്ടായി. അവർ പ്രവാചകന്മാരായിരുന്നില്ല, ജ്യോതിശാസ്ത്രവിജ്ഞാനികളായിരുന്നു. രാജപിറവിയുടെ നാന്ദിയായി ഒരു നക്ഷത്രം അവർ കണ്ടിരുന്നു. കൊട്ടാരത്തിൽ അവർ ആ രാജശിശുവിനെ കണ്ടില്ല, കണ്ടത് ഒരു പുൽക്കൂട്ടിൽ. എങ്കിലും അവർ സംശയിച്ചില്ല, മറിച്ച്, ഒരു രാജാവിലുപരി ഒരു ദിവ്യസ്വരൂപിയായി ആ ശിശുവിനെ മനസ്സിലാക്കുകയും പൊന്ന്, മൂര്, കുന്തുരുക്കം എന്നിവ അർപ്പിച്ച് അവർ ആ ശിശുവിനെ നമസ്കരിക്കുകയും ചെയ്തു.

എന്നാൽ നീ രാജാവ് തന്നെയല്ലോ? ടൈബീരിയസ് സീസറിന്റെ പ്രതിനിധിയായ ഗവർണ്ണർ പീലാത്തൊസ് നസ്രായനായ യേശുവിനോടു ചോദിച്ച ചോദ്യമാണിത്. ദൈവപുത്രൻ, ക്രിസ്തു എന്നെല്ലാം അവകാശപ്പെട്ട യേശുവിനെ ദൈവദൂഷണക്കുറ്റം ചുമത്തി യഹൂദകോടതിയായ സെൻഹെദ്രീം സംഘം മരണശിക്ഷ വിധിച്ചിരിക്കുകയാണ്. ആ ശിക്ഷ നടപ്പാക്കുവാൻ ഗവർണ്ണരുടെ അംഗീകാരം വേണം. അതിനുവേണ്ടി പീലാത്തൊസിന്റെ മുമ്പിൽ പ്രതിയെ ഹാജരാക്കിയിരിക്കുകയാണ്. വിസ്താരമദ്ധ്യേ പീലാത്തൊസ് യേശുവിനോടു ചോദിച്ച ചോദ്യമാണിത്. നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നെ എന്ന് ദൈവപുത്രന്റെ ഉത്തരം. എന്നാൽ അല്പം കൂടി അതോട് ചേർത്തു പറയുകയുണ്ടായി: സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു (യോഹ. 18:37). ഈ മഹാ സത്യത്തോടുള്ള പീലാത്തൊസിന്റെ പ്രതികരണം അലക്ഷ്യമായ ഒരു ചോദ്യത്തിലൊതുങ്ങി. ഈ സത്യമെന്നൊക്കെപ്പറഞ്ഞാൽ എന്താണ്?

ഇവിടെ നമുക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. സത്യം പറയുന്നത് കുറ്റകൃത്യമാണോ? ഈ ലോകത്തിൽ ചിലപ്പോൾ അങ്ങനെയാകാം. യേശുക്രിസ്തുവിന്റെ കാര്യത്തിൽ അതും അതിനപ്പുറവുമാണു സംഭവിച്ചത്. സത്യംതന്നെ ക്രൂശിക്കപ്പെടുകയായിരുന്നു. താൻ ദൈവപുത്രനാണ് എന്ന സത്യമായിരുന്നു യേശുക്രിസ്തുവിനെതിരായി ഉന്നയിക്കപ്പെട്ടത്. പീലാത്തൊസ് യേശുക്രിസ്തുവിന്റെ കുരിശിൽ മേലെഴുത്തായി വച്ചത് മറ്റൊരു സത്യമായിരുന്നു: നസറായനായ യേശു യഹൂദന്മാരുടെ രാജാവ്.

കുരിശിന്റെ അന്നത്തെ കാണാപ്പുറം മൂന്നാം ദിവസം വെളിപ്പെട്ടു. മത, രാഷ്ട്രീയ, സൈനിക ശക്തികൾക്ക് ഉഗ്രമായ തിരിച്ചടി നൽകിക്കൊണ്ട് ദൈവപുത്രൻ ഉയിർത്തെഴുന്നേറ്റു. ബലവാനും യുദ്ധവീരനുമായ യഹോവ സത്യത്തിൽ കുരിശിൽ ഒരു മഹായുദ്ധം നടത്തുകയായിരുന്നു. അപ്പൊസ്തലനായ പൗലൊസ് അതെപ്പറ്റി ഇങ്ങനെ പറയുന്നു: ***അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി*** (കൊലൊ. 2:14,15).

***ഇവൻ ആര്?*** ഒരു നഗരം മുഴുവൻ ആവേശത്തിരയിൽ ഇളകി നില്ക്കെ അനേകം നാവുകളിൽ നിന്ന് ഉയർന്ന ചോദ്യമാണിത് (മത്തായി 21:10). നഗരം യെരൂശലേം തന്നെ. നഗരത്തിന്റെ കിഴക്കെ

വാതിൽ യെഹസ്ക്കേൽ പ്രവചനത്തെ (യെഹ. 44:1,2) നിവൃത്തിയാക്കിക്കൊണ്ട് ഇന്ന് അടഞ്ഞു കിടക്കയാണ്. എന്നാൽ അതിൽക്കൂടി മഹത്വത്തിന്റെ രാജാവ് 2000 വർഷങ്ങൾക്കുമുമ്പ് ഒരു ചെറു കഴുതയുടെ പുറത്ത് പ്രവേശിച്ച കാര്യം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 21:1-11; മർക്കൊസ് 11:1-10; ലൂക്കൊസ് 19:29-40; യോഹ. 12:12-16). ആ സംഭവം തന്നെ മറ്റൊരു പ്രവചനത്തിന്റെ നിവൃത്തിയാണ്:

*സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ **രാജാവ്** നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു* (സെഖ. 9:9). സൗമ്യമായ ഈ നഗരപ്രവേശം കഴിഞ്ഞ് ചില ആഴ്ചകൾക്ക് ശേഷം, മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ജയവീരനായ കർത്താവ് ഒലിവുമലയിൽ നിന്ന് ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു. ഒരു മേഘം രാജാധിരാജനെ മറച്ചപ്പോൾ ദൂതന്മാരുടെ അകമ്പടിയോടുകൂടി നാഥൻ സ്വർഗ്ഗ കവാടത്തിലൂടെ പിതാവിന്റെ സന്നിധിയിൽ എത്തി.

ഇന്നും വാതിലുകൾ ഈ യുദ്ധവീരനായ യഹോവയ്ക്കു വേണ്ടി തുറക്കപ്പെടുന്നു എന്നുള്ളതാണ് ഈ മഹത്വപൂർണ്ണമായ വിജയത്തിന്റെ പ്രത്യേകത. സാത്താൻ അടച്ച് മുദ്ര വച്ചിരിക്കുന്ന അനേക ഹൃദയകവാടങ്ങൾ ഇന്ന് ഈ രക്ഷാനായകനുവേണ്ടി തുറക്കുന്നു. അവയിൽക്കൂടി ഈ രാജാധി രാജൻ പ്രവേശിക്കുന്നു. അവരും ഈ കർത്താവിന്റെ വിജയത്തിൽ പങ്കാളികൾ ആകുകയാണ്. തീർന്നില്ല, ഈ രാജാവ് ഇനിയും ആക്ഷരികമായി യെരൂശലേമിന്റെ, ഇന്ന് അടഞ്ഞു കിടക്കുന്ന, വാതിലിൽക്കൂടി അകത്തു കടക്കും. വാതിൽ അതിന്റെ തല ഉയർത്തുമെന്നർത്ഥം. പിന്നെയുമുണ്ട് രാജാവിന് കടന്നു ചെല്ലേണ്ട ഒരു സ്ഥലം; പുതിയ യെരൂശലേം.

നാം ഇന്ന് അനുഗമിക്കുന്നത് രാജാധിരാജാവും കർത്താധി കർത്താവുമായ ഒരു ജേതാവിനെയാണ്. ***ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ*** (വെളി. 3:7) കൂടിയാണ് ഈ മഹിമാസനനാം അഖിലേശൻ. എന്നാൽ ഈ കാര്യങ്ങളെയെല്ലാം കൂടി ഒരു നിഗൂഢവിസ്മയമാക്കുന്ന വസ്തുതയാണ് നമ്മുടെ കർത്താവു തന്നെ വാതിൽ ആണ് എന്നുള്ളത്. ***ഞാൻ വാതിലാകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും*** (യോഹ. 10:9) എന്നാണ് കർത്താവിന്റെ വാക്കുകൾ. അങ്ങനെ രക്ഷപ്പെട്ട നാം നമ്മുടെ രക്ഷാനായകനോട് ചേർന്ന് ഒരു വിജയ ഘോഷയാത്രയായി മുന്നേറുകയാണ്. അതാണു ക്രിസ്തീയ ജീവിതം.പൗലൊസിന്റെ വാക്കുകൾ: ***ക്രിസ്തുവിൽ ഞങ്ങളെ ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം*** (2 കൊരി. 2:14). അടിവച്ച് അടിവച്ചുള്ള നമ്മുടെ വിജയപ്രയാണത്തിൽ ഈ ഗാനം നമുക്ക് ആവേശമാകട്ടെ.

നിരനിരനിരയായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളേ
ജയ ജയ ജയ കാഹളമൂതീടുവിൻ
ജയവീരനാം യേശുവിന്.

---

## റിഫ്രഷർ കോഴ്സ് 2009 മാർച്ച് 23-27 വരെ.

ബഥനി ബൈബിൾ സ്കൂൾ റിഫ്രഷർ കോഴ്സിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷയിൽ പേരും വിലാസവും ഫോൺ നമ്പരും പഠിച്ച വർഷവും പൂർത്തിയായ വയസ്സും കാണിക്കുവാൻ താല്പര്യപ്പെടുന്നു. വേദവ്യാഖ്യാനം, ദുരൂപദേശ സംഗ്രഹം, മതങ്ങളുടെ താരതമ്യ പഠനം, സഭാസത്യങ്ങൾ, ക്രിസ്തുശാസ്ത്രം, സുവിശേഷകനും സാക്ഷ്യജീവിതവും, സഭാ പരിപാലനം മുതലായ വിഷയങ്ങളെപ്പറ്റി ഡോ. ഒ.എം. ശാമുവേൽ, എം.എം. സഖറിയ, വർഗ്ഗീസ് കുര്യൻ, ബില്ലി പി. ജേക്കബ്, കെ.വി. ജോർജ്ജ്, കെ.വി. ജോൺ മുതലായവർ ക്ലാസ്സുകളെടുക്കുന്നതായിരിക്കും. അപേക്ഷകൾ 2009 മാർച്ച് 10 ന് മുൻപ് ലഭിക്കേണ്ടതാണ്.

സെക്രട്ടറി.

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**ആരാധനക്കായി ഉപയോഗിച്ചിരിക്കുന്ന പദങ്ങളും അർത്ഥവും**

ആരാധനയെക്കുറിച്ച് സൂചിപ്പിക്കുവാനായി പഴയനിയമത്തിലും പുതിയനിയമത്തിലുമായി പല പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമം എഴുതപ്പെട്ടത് എബ്രായ ഭാഷയിലാണ്. എബ്രായഭാഷയിൽ ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത് "ഷാഹാഹ്" എന്ന പദം ആണ്. നമസ്ക്കരിക്കുക എന്നാണ് ആ വാക്കിന്റെ അർത്ഥം. ഈ പദം പഴയനിയമത്തിൽ 170 പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

ഒരു വ്യക്തി നിലംവരെ കുനിഞ്ഞ് നെറ്റി നിലത്തുതൊട്ട് നമസ്ക്കരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഈ പദം ആദ്യം കാണുന്നത് ഉല്പത്തി 18:2 ൽ ആണ്. അബ്രാഹാം ദൈവദൂതന്മാരെ കണ്ടിട്ട് അടുത്തുചെന്ന് നിലംവരെ കുനിഞ്ഞ് നമസ്കരിച്ച് അവരെ സ്വീകരിക്കുന്നു. നിലംവരെ കുനിഞ്ഞ് സാഷ്ടാംഗം വീണു നമസ്കരിക്കുന്നതിനാണ് "ഷാഹാഹ്" എന്ന എബ്രായപദം ഉപയോഗിക്കുന്നത്.

**A. പുതിയനിയമത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ**

1. പ്രോസ്കുനെയോ (Greek) Prosokuneo

പ്രോസ്കുനെയോ എന്ന വാക്കിന്റെ അർത്ഥം ആദരിക്കുക, നമസ്ക്കരിക്കുക എന്നാണ്. ഈ പദം പുതിയനിയമത്തിൽ 60തോളം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. വെളിപ്പാടു പുസ്തകത്തിൽ മാത്രം 24 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷിൽ Worship എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. മൂലഭാഷയോട് ഏറ്റവും നീതിപുലർത്തുന്ന പദം നമസ്ക്കരിക്കുക എന്നാണ്.

ബഹുമാനത്തോടും ഭക്ത്യാദരവോടുംകൂടെ ഒരു വ്യക്തിയുടെ പാദത്തിൽ ചുംബിക്കുക എന്നാണർത്ഥം. പുരാതനകാലത്ത് പൗരസ്ത്യദേശത്ത് തുല്യപദവിയിലുള്ളവർ തമ്മിൽ കാണുമ്പോൾ ചുംബനത്താൽ സ്വീകരിച്ച് ബഹുമാനിച്ചിരുന്നു. ഒരുവൻ തന്നെക്കാൾ വളരെ താണവനാണെങ്കിൽ സ്വീകരിക്കുന്ന വ്യക്തിയെ സാഷ്ടാംഗം വീണു നമസ്ക്കരിക്കുന്നു. പുതിയനിയമത്തിൽ പൊതുവെ ഈ വാക്ക് മുട്ടുകുത്തി സാഷ്ടാംഗം വീണ് നമസ്ക്കരിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തെ ആരാധിക്കുന്നവൻ എങ്ങനെ ആരാധിക്കുന്നു എന്നു സൂചിപ്പിക്കുന്ന പദമാണിത്. കർത്താവ് തന്റെ ഐഹിക കാലയളവിൽ പലരിൽ നിന്നും ആരാധന സ്വീകരിച്ചതായി പറഞ്ഞിട്ടുണ്ട്. മത്തായി എഴുതിയ സുവിശേഷത്തിൽ 7 സന്ദർഭങ്ങളിൽ വിവിധ ജനം അവന്റെ മുമ്പാകെ വരികയും സാഷ്ടാംഗം വീണ് അവനെ നമസ്ക്കരിക്കുന്നതായി കാണാം.

1. "ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്ക്കരിച്ചു" (മത്തായി 2:11)
2. ഒരു കുഷ്ഠരോഗി വന്ന് അവനെ നമസ്ക്കരിച്ചു. (ആരാധിച്ചു) (മത്തായി 8:2)
3. ഒരു പ്രമാണി വന്നു അവനെ നമസ്ക്കരിച്ചു. (മത്തായി 9:18)
4. കർത്താവിന്റെ ശിഷ്യന്മാർ അവനെ നമസ്ക്കരിക്കുന്നു. (മത്തായി 14:33)
5. ഒരു കനാന്യസ്ത്രീ വന്നു അവനെ നമസ്ക്കരിക്കുന്നു. (മത്തായി 15:21-28)
6. സെബദിപുത്രന്മാരുടെ അമ്മ വന്ന് യേശുവിനെ നമസ്ക്കരിച്ചു. (മത്തായി 20:20-23)
7. 11 ശിഷ്യന്മാർ കർത്താവിനെ നമസ്ക്കരിക്കുന്നു. (മത്തായി 28:17)

കർത്താവിനെ നമസ്ക്കരിച്ചവരെല്ലാം അവന്റെ മുമ്പിൽ വന്നിട്ട് സാഷ്ടാംഗം വീണു നമസ്ക്കരിക്കുന്നതായി കാണാം. ആരാധനയിൽ വീണു വണങ്ങുന്ന രീതിയാണ് നാം തിരുവെഴുത്തിൽ ദർശിക്കുന്നത്.

മൂലഭാഷയായ ഗ്രീക്കിൽ പ്രോസ്കുനെയൊ എന്ന വാക്കിന്റെ ആശയം വിശദീകരിക്കുന്നത് ഇങ്ങനെയാണ്. ഒരു നായ് തന്റെ യജമാനനെ കാണുമ്പോൾ തന്റെ മുന്നിൽ വന്ന് മുൻകാലുകൾ മുന്നോട്ടു വച്ച് പിൻകാലുകളിൽ നിന്നുകൊണ്ട് യജമാനന്റെ പാദത്തിൽ നക്കി യജമാനന്റെ കണ്ണുകളിലേക്ക് നോക്കി അവനോടുള്ള സ്നേഹവും വിധേയത്വവും പ്രകടിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന പദമാണ് പ്രോസ്കുനെയോ (നമസ്ക്കരിക്കുക).

ഒരു അടിമ തന്റെ യജമാനനെ കാണുമ്പോൾ അവന്റെ പാദത്തിൽ സാഷ്ടാംഗം വീണു നമസ്ക്കരിക്കുന്നതിനും ഈ പദം ഉപയോഗിക്കുന്നു.

2. സേവിക്കുക (ഗ്രീക്ക്) Latreuo - ലാട്ര്യൂഓ)

"നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" (മത്തായി 4:10). ആരാധിക്കുക എന്നതിനു സേവിക്കുക എന്ന അർത്ഥമാണ് ഉള്ളത്. സേവിക്കുക എന്നതിന് ലാട്ര്യൂഓ എന്ന ഗ്രീക്കു പദമാണ് വച്ചിരിക്കുന്നത്. ആരാധനയിൽ സേവനവും അടങ്ങിയിരിക്കുന്നു. ഒരു അടിമ തന്റെ യജമാനനു ചെയ്യുന്ന സേവനമല്ല ഇവിടെയുള്ളത്.

നഷ്ടപ്പെട്ട ഒരു മകനെ പിതാവ് വന്നു അവനെ കണ്ടു വീണ്ടെടുപ്പ് വില കൊടുത്ത് രക്ഷിച്ചു. അങ്ങനെ രക്ഷിച്ച പിതാവിനെ നന്ദിയോടും സ്നേഹത്തോടും ബഹുമാനത്തോടും ആദരവോടും കൂടെ സേവിക്കുന്ന (ശുശ്രൂഷിക്കുന്ന) സേവനമാണ് ഉദ്ദേശിക്കുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ലാട്ര്യൂഓ എന്ന പദം കേവലം സേവനം എന്ന അർത്ഥത്തിൽ മാത്രമല്ല ശുശ്രൂഷ എന്ന അർത്ഥത്തിലും തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്നു. സഖര്യാവിന്റെ ശുശ്രൂഷാ

കാലം തികഞ്ഞ ശേഷം അവൻ വീട്ടിലേക്ക് പോയി (ലൂക്കോസ്. 1:23). കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയെ വിവരിക്കുന്നതിനും ഈ പദമാണ് ഉപയോഗിക്കുന്നത്. ആരാധനയിൽ നമസ്ക്കാരം മാത്രമല്ല സേവനവും (ശുശ്രൂഷയും) ഉൾപ്പെട്ടിരിക്കുന്നു. ആരാധനയിൽ ആന്തരികവും ബാഹ്യവുമായ ഘടകം ഉണ്ട്. നമസ്ക്കരിക്കുന്നവനു മാത്രമേ ശുശ്രൂഷിക്കാൻ അവകാശമുള്ളൂ. ശുശ്രൂഷമാത്രം ഒരിക്കലും ആരാധനയാകുന്നില്ല. ദൈവം തന്റെ ദൂതന്മാരെ സൃഷ്ടിച്ചിരിക്കുന്നത് അവനെ നമസ്ക്കരിക്കുന്നതിനും (ആരാധിക്കുന്നതിനും) ശുശ്രൂഷിക്കുന്നതിനും (സേവിക്കുന്നതിനും) ആണ്. മനുഷ്യവർഗ്ഗത്തെയും ദൈവം ഉദ്ദേശിക്കുന്നത് ദൈവത്തെ ആരാധിക്കുക അതോടൊപ്പം അവനെ സേവിക്കുക എന്നുള്ളതാണ്.

സേവനത്തിൽ കത്തോലിക്കാ സഭ മുമ്പിൽ നിൽക്കുന്നു. സേവനവും ആരാധനയുടെ ഭാഗമായി കണക്കാക്കുന്നതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. നാം അങ്ങനെയുള്ള ആതുരസേവയ്ക്ക് അത്ര മാത്രം പ്രാധാന്യം കല്പിക്കാറില്ല. കർത്താവിനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, ആശുപത്രികൾ തുടങ്ങിയവ നടത്തുന്നത്. അതു ശുശ്രൂഷയുടെ ഭാഗം തന്നെയാണ്. ആ വിഷയങ്ങളിൽ ദർശനവും സമർപ്പണവുമുള്ളവർ ചെയ്യട്ടെ.

വീണ്ടെടുക്കപ്പെട്ട ദൈവജനം എല്ലാവരും ചെയ്യേണ്ട കാര്യങ്ങൾ ഉണ്ട്. നാം കർത്താവിനെ ആരാധിക്കുന്നത് ആത്മാവിൽ ചെയ്യുന്ന വിഷയമാണ്. അതിന്റെ ബാഹ്യവശമാണ് ശുശ്രൂഷ. ശുശ്രൂഷ ഇല്ലാത്ത ആരാധന പൂർണ്ണമല്ല. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ് ആരാധനയും സേവനവും. രക്ഷിക്കപ്പെട്ട ഒരു വ്യക്തി കർത്താവിന്റെ സന്നിധിയിൽ നിലനിൽക്കാൻ അഭിമുഖീകരിച്ചു സഹിക്കുന്ന എല്ലാ വിഷയങ്ങളും കർത്താവിനോടുള്ള ബന്ധത്തിലെ സേവനത്തിൽ ഉൾപ്പെടും. കർത്താവിന്റെ വേലയിൽ ആത്മാക്കളെ നേടുന്നതിനോടുള്ള ബന്ധത്തിൽ, അവരെ നിലനിർത്തുന്നതിനോടുള്ള ബന്ധത്തിൽ, അനുഭവിക്കുന്ന ക്ലേശങ്ങൾ, കേൾക്കുന്ന പഴി, ദുഷി, നിന്ദ, ചെലവാക്കപ്പെടുന്ന പണം, സമയം ഇവയെല്ലാം സേവനത്തിന്റെ ഭാഗമാണ്. സഭാപരിപാലനത്തോടുള്ള ബന്ധത്തിൽ സുവിശേഷകന്മാരും മൂപ്പന്മാരും കർത്താവിന്റെ നാമത്തിൽ ധാരാളം പഴിയും നിന്ദകളും വിശ്വാസികളിൽ നിന്നും ഏറ്റു വാങ്ങേണ്ടി വരും. അതെല്ലാം നാം സഹിക്കുന്നത് കർത്താവിനെ സേവിക്കുന്നതിന്റെ (ശുശ്രൂഷിക്കുന്നതിന്റെ) ഭാഗമായി കരുതുന്നതുകൊണ്ടാണ്.

ആരാധന കേവലം അധരംകൊണ്ടുള്ളതു മാത്രമല്ല ജീവിതംകൊണ്ടും കൂടെയാണ്. കർത്താവിനു വേണ്ടിയുള്ള സേവനം ആരാധനയുടെ ഒരു തുടർച്ചയായിരിക്കുന്നു. ആരാധനയും സേവനവും ഞായറാഴ്ച മാത്രമുണ്ടായിരിക്കേണ്ട വിഷയമല്ല. ഒരുവൻ രക്ഷിക്കപ്പെട്ട നാൾ മുതൽ അന്ത്യം വരെയും തുടർമാനമായുണ്ടായിരിക്കേണ്ട കാര്യമാണ്.

3. ഭക്തി കാണിക്കുക (GK. Eusebeo)

ആരാധനക്കായി ഉപയോഗിച്ചിരിക്കുന്ന മറ്റൊരു വാക്കാണ് "ഭക്തി കാണിക്കുക" പൗലൊസിന്റെ പ്രസിദ്ധമായ അരയോപഗ കുന്നിൽ വച്ചു ചെയ്ത പ്രസംഗത്തിൽ അഥേനയിലെ ജനത്തോടെ ഇങ്ങനെ പറഞ്ഞു. "നിങ്ങൾ അതി ഭക്തന്മാർ എന്നു ഞാൻ കാണുന്നു.......... നിങ്ങൾ അറിയാതെ പൂജിക്കുന്നത്(ഭക്തി കാണിക്കുന്നത്, GK. Eusebeo) തന്നെ ഞാൻ നിങ്ങളോട് അറിയിക്കുന്നു (അപ്പൊ. 17:23). ആരാധനയ്ക്ക് ഒരുവന് ഭക്തി ആവശ്യമാണ്. ആരാധന ഭക്തിയിൽ നിന്നാണ് ഉണ്ടാകുന്നത്. വിഗ്രഹങ്ങളുടെ മുമ്പാകെ അവയെ ആരാധിക്കാൻ കാണിക്കുന്ന ഭക്തിയോടുള്ള ബന്ധത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. സങ്കീർത്തനക്കാരൻ പറയുന്നത് ഇങ്ങനെയാണ്. "ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും (സങ്കീ. 5:7).

4. ഡൊക്സ (G.K.) മഹത്വം കൊടുക്കുക.

ദൈവത്തിനു സൃഷ്ടികൾ മഹത്വം കൊടുക്കണം. ദൈവത്തിന് അർഹിക്കുന്ന മഹത്വം മറ്റാരും എടുക്കുന്നതു ദൈവം ഇഷ്ടപ്പെടുന്നില്ല. ദൈവത്തിന് എങ്ങനെയെങ്കിലും മഹത്വം കൊടുക്കുകയല്ല വേണ്ടത്. ആരാധനയിൽ നാം ദൈവത്തിനു കൊടുക്കുന്ന പലതുണ്ട്. അതിൽ ഒന്നാണ് മഹത്വം. ദൈവത്തിന് മഹത്വം കൊടുക്കുന്നത് ഏതു വിധമായിരിക്കണമെന്ന് സങ്കീർത്തനങ്ങളിൽ ധാരാളമായി നാം കാണുന്നുണ്ട്. "യഹോവയ്ക്കു മഹത്വവും ശക്തിയും കൊടുപ്പിൻ, യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ" (സങ്കീ. 29:1-2). "ജാതികളുടെ കുലങ്ങളെ യഹോവയ്ക്ക് കൊടുപ്പിൻ. യഹോവക്ക് അവന്റെ നാമത്തിന് തക്ക മഹത്വം കൊടുപ്പിൻ തിരുമുൽ കാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ" (സങ്കീ. 96:7-8).

ഒരുവന് മഹത്വം കല്പിക്കുന്നത് അവൻ ആരായിരിക്കുന്നുയെന്നതിന്റെ അടിസ്ഥാനത്തിലാണ്. ദൈവത്തിനു മഹത്വം കൊടുക്കേണ്ടത് ദൈവം ആരായിരിക്കുന്നുയെന്നതിന്റെ അടിസ്ഥാനത്തിലാണ്. അവന്റെ വലിപ്പത്തിനും പദവിക്കും തക്കവണ്ണം അർപ്പിക്കുന്നതു മാത്രമേ ബഹുമാന്യമാകുകയു

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 30

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 21. പരിണാമ ചിന്താഗതിയുടെ വളർച്ചയെക്കുറിച്ച് ബൈബിളിൽ പ്രവചനം**

ഇന്ന് പലരും ജീവികളുടെ ആരംഭത്തിനുള്ള (origin) ഒരു ശാസ്ത്രീയ വിശദീകരണം എന്ന നിലയിലാണ് പരിണാമവാദത്തെ കാണുന്നത്. ഇത് പലർക്കും അവരുടെ സാന്മാർഗ്ഗിക നിലവാരത്തെയോ ആത്മീയ വിശ്വാസത്തെയോ ബാധിക്കാത്ത, ഉപദ്രവകാരിയല്ലാത്ത ഒരു സിദ്ധാന്തം (a harmless theory) മാത്രമാണ്. പക്ഷേ പലർക്കും മനസ്സിലാക്കുവാൻ കഴിയാതെ പോയിരിക്കുന്ന ഒരു സത്യം, പരിണാമവാദം ഇന്ന് ഭൂമിയിൽ ദൈവഭയമില്ലാത്ത ഒരു ഭൗതിക കാഴ്ചപ്പാട് (a godless materiolistic world view) ഉണ്ടാക്കുന്നതിലും വരുവാൻ പോകുന്ന ന്യായവിധിയെ അവഗണിക്കുവാൻ തക്കവണ്ണം ലോകത്തെ ചതിക്കുന്നതിലും വിജയിച്ചിരിക്കുന്നു എന്നതാണ്. ലോകാന്ത്യത്തിൽ പരിണാമവാദ തത്വചിന്തയിൽ വിശ്വസിച്ച് വരുവാൻ പോകുന്ന ദൈവിക ന്യായവിധിയെ ആളുകൾ മനസ്സോടെ അവഗണിച്ച് കളയും എന്ന് ഏകദേശം 1900 വർഷങ്ങൾക്ക് മുമ്പ് ബൈബിൾ കൃത്യമായി പ്രവചിച്ചിരിക്കുന്നു.

1859 – ൽ ചാൾസ് ഡാർവിൻ (Charles Darwin) എഴുതിയ 'ജാതികളുടെ ഉത്ഭവം' (The origin of species) എന്ന പുസ്തകം ബൈബിളിനു ശേഷം ലോകത്തെ ഏറ്റവും അധികം സ്വാധീനിച്ചിരിക്കുന്ന പുസ്തകമാണെന്ന് വിശ്വസിക്കപ്പെടുന്നു. ഈ പുസ്തകത്തിൽ ഡാർവിൻ തന്റെ പരിണാമവാദം അവതരിപ്പിക്കുകയും പാശ്ചാത്യലോകത്തിന് സ്രഷ്ടാവിനെയും സൃഷ്ടിയെയും സംശയിക്കുവാൻ ഒരു പുതിയ ആശയം നൽകുകയും ചെയ്തു. പരിണാമവാദം പഠിപ്പിക്കുന്നത്, ഇന്ന് കാണുന്ന സങ്കീർണ്ണ (complex) ജന്തുക്കളും സസ്യങ്ങളും ഭൂതകാലത്ത് ലളിതമായ (simple) ജീവികളിൽ നിന്നും പരിണമിച്ച് ഉണ്ടായി വന്നതാണ് എന്നാണ്. അവർ വിശ്വസിക്കുന്നതനുസരിച്ച് വിദൂരഭൂതകാലത്ത് സമുദ്രത്തിൽ ചില കോശങ്ങൾ (cells) ഉണ്ടായി വന്നു. അവ കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണമിച്ച് ഇന്ന് കാണുന്ന ജന്തുക്കൾക്കും സസ്യങ്ങൾക്കും ജന്മം കൊടുത്തിരിക്കുന്നു.

മനുഷ്യനുൾപ്പെടെ എല്ലാ ജീവികളും ഒരു സ്രഷ്ടാവിന്റെ ആവശ്യം കൂടാതെ താണ ജീവികളിൽ നിന്ന് പരിണമിച്ച് ഉണ്ടായതാണ് എന്ന് ചാൾസ് ഡാർവിൻ വാദിച്ചു. ഒടുവിൽ ആളുകൾ തന്റെ ആശയം സ്വീകരിക്കുകയും ബൈബിൾ വെളിപ്പാടുകളെ അവഗണിച്ചുകൊണ്ട് ഒരു പുതിയ കാഴ്ചപ്പാട് (world view) ഉണ്ടാക്കി എടുക്കുകയും ചെയ്തിരിക്കുന്നു.

ഇന്ന് അഭ്യസ്തവിദ്യനായ (educated) ഒരു വ്യക്തി പരിണാമവാദത്തിൽ വിശ്വസിക്കുവാൻ നിർബന്ധിതനായിത്തീരുന്നു. കാരണം തന്റെ ചുറ്റുപാടും അറിവ് നൽകുന്ന എല്ലാ മാദ്ധ്യമങ്ങളും (വിദ്യാലയങ്ങൾ, പത്രങ്ങൾ, ടി.വി., ഇന്റർനെറ്റ്) പഠിപ്പിക്കുന്നത് പരിണാമവാദം ആണ്. ഒടുവിൽ താൻ ഒരു പരിണാമവാദ കാഴ്ചപ്പാട് വളർത്തി എടുക്കുന്നു. അതിന്റെ നിഗമനങ്ങൾ താഴെ പറയുന്നവയാണ്. (1) ദൈവം ഉണ്ടെന്നുള്ളതിന് തെളിവില്ല. (2) ഒരു ദൈവം ഉണ്ടെങ്കിൽ തന്നെയും താൻ ഭൂമിയിലെ കാര്യങ്ങളിൽ തല്പരനല്ല. (3) മറ്റ് മൃഗങ്ങളെപ്പോലെ മനുഷ്യനും ആത്മാവും മരണാനന്തര ജീവിതവും ഇല്ലാത്ത ഒരു മൃഗം മാത്രമാണ്. (4) ഒരു സ്രഷ്ടാവില്ലാത്തതുകൊണ്ട് മനുഷ്യൻ സാന്മാർഗ്ഗികമായും ആത്മീകമായും ആരോടും കടപ്പെട്ടിരിക്കുന്നില്ല. (5) ജീവിതത്തിന് ഒരു ലക്ഷ്യവുമില്ലാത്തതുകൊണ്ട് അത് അർത്ഥശൂന്യമാണ്.

ഭൂതകാലത്ത് ദൈവിക ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നോ ഭാവിയിൽ ഉണ്ടാകുമെന്നോ ഉള്ള വിശ്വാസത്തെ പരിണാമവാദം നിരസിക്കുന്നു. അതുകൊണ്ട് ആധുനിക അഭ്യസ്തവിദ്യനായ മനുഷ്യൻ യേശുക്രിസ്തുവിന്റെ ജഡാവതാരത്തെയും തന്റെ രണ്ടാം വരവിനെയും ചോദ്യം ചെയ്യുന്നു. ഇന്ന് പരിണാമവാദത്തിന്റെ സ്വാധീനതകൊണ്ട് ലോകത്തിലെ മിക്ക രാഷ്ട്രങ്ങളിലും പൊതുസ്ഥാപനങ്ങളെല്ലാം (public institutions) മതനിരപേക്ഷം ആയിരിക്കുന്നു. ദൈവത്തെ അവരുടെ ജീവിതങ്ങളിൽ നിന്ന് മാറ്റി നിർത്തുവാനായി പലർക്കും ഇന്ന് ബുദ്ധിപരമായ ഒരു ഒഴികഴിവ് (an intellectual excuse) ലഭിച്ചിരിക്കുന്നു.

---

ള്ളൂ. ദൈവത്തിനു മഹത്വം കൊടുക്കുമ്പോൾ അവന്റെ നാമത്തിനു തക്ക മഹത്വം കൊടുക്കണം. ഒരുവന്റെ പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൊടുക്കുന്ന മഹത്വമാണ് പ്രസാദകരമായിട്ടുള്ളത്.

ആരാധനക്കായി ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ അർത്ഥം നാം ചിന്തിച്ചു. 4 വാക്കുകളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു. ആരാധന കേവലം നമസ്കാരം മാത്രമല്ല അത് ഭക്തിയോടുകൂടെ ദൈവത്തിന്റെ നാമത്തിന് തക്ക മഹത്വം കൊടുത്തുകൊണ്ടുള്ള സേവനം (ശുശ്രൂഷ) ആണ്. ആരാധനയും ശുശ്രൂഷയും ഒന്നുപോലെ ചെയ്യേണ്ട വിഷയമാണ്. ആരാധിക്കുന്നവനു മാത്രമെ ശുശ്രൂഷ ചെയ്യുവാൻ അവകാശമുള്ളൂ. ●

ഇന്ന് പരിണാമവാദം ലോകത്തിൽ എവിടെയും പഠനത്തിന്റെ എല്ലാ ശാഖകളെയും സ്വാധീനിച്ചിരിക്കുന്നു. ഇത്ര പ്രചുര പ്രചാരം നേടിയ ഒരു സിദ്ധാന്തം അവതരിപ്പിച്ചതിന് സാധാരണ നാം ബഹുമതി കൊടുക്കാറുള്ളത് ചാൾസ് ഡാർവിനാണ്. പക്ഷേ വാസ്തവം ചാൾസ് ഡാർവിന് വളരെ മുമ്പുതന്നെ പരിണാമവിശ്വാസം നിലവിൽ നിന്നിരുന്നു എന്നതാണ്. പല വർഷങ്ങളായി പല ശാസ്ത്രജ്ഞന്മാരും ചിന്തകരും പരിണാമ ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിലായി ചാൽസ് ഡാർവിൻ ഈ ആശയങ്ങൾ എല്ലാം എടുത്ത് അവയെ യുക്തിപരവും ശാസ്ത്രീയവും എന്ന് തോന്നുന്ന വിധത്തിൽ തന്റെ പുസ്തകത്തിൽ അവതരിപ്പിച്ചു.

പരിണാമ ചിന്താഗതിയുടെ വളർച്ചയ്ക്കുവേണ്ടി അടിസ്ഥാനം ഒരുക്കിയവരിൽ പ്രധാനിയായ ഒരു വ്യക്തിയായിരുന്നു ജെയിംസ് ഹട്ടൺ (1726-1797). ഇന്ന് പരിണാമവാദത്തിന് അടിസ്ഥാനമായിരിക്കുന്ന ഏകരൂപവാദം(uniformitarianism) അവതരിപ്പിച്ചത് താനാണ്. ഹട്ടൺ ഒരു സർവ്വകലാശാലാ ബിരുദധാരിയായിരുന്നു എങ്കിലും ഏകദേശം 14 വർഷങ്ങളോളം തന്റെ നിലത്ത് താൻ ഒരു കർഷകനായി ജോലി ചെയ്തു. ഈ കാലയളവിൽ താൻ നിലത്ത് മഴവെള്ളം മൂലമുണ്ടാകുന്ന മണ്ണൊലിപ്പും (erosion) മണ്ണടിയലും (sedimentation) നിരീക്ഷിച്ചുകൊണ്ടിരുന്നു. ഈ പ്രക്രിയകളാൽ തന്റെ നിലത്ത് വലിയ വ്യത്യാസങ്ങൾ വന്നത് താൻ ശ്രദ്ധിച്ചു.

ഇന്നത്തെ ഭൂമിയിൽ മാറ്റങ്ങൾ വരുന്നത് ദൈവിക ഇടപെടലുകൊണ്ടല്ല. പ്രത്യുത മണ്ണൊലിപ്പ്, മണ്ണടിയൽ എന്നതുപോലെയുള്ള സാവധാനമായ പ്രകൃതി പ്രക്രിയകളിലൂടെ (slow natural processes) ആണ് എന്ന് താൻ വാദിച്ചു. ഇന്ന് ഭൂമിയിൽ മാറ്റങ്ങൾ എല്ലാം സാവധാനമായി നടക്കുന്നതുപോലെ ആദിമുതൽ ഈ മാറ്റങ്ങൾ ഇതേ വേഗത്തിൽ ഏകരൂപമായി ദൈവിക ഇടപെടലുകൾ ഒന്നും കൂടാതെ നടന്നുകൊണ്ടിരുന്നു എന്ന് താൻ പ്രതിപാദിച്ചു. ഇതാണ് ഏകരൂപവാദം എന്നറിയപ്പെടുന്നത്. 1788 ൽ Royal Society of Edinburgh -ന് മുമ്പിൽ ജെയിംസ് ഹട്ടൺ തന്റെ ഈ വാദം അവതരിപ്പിച്ചു.

ചാൾസ് ലായൽ (Charles Lyell, 1797-1875) എന്ന ഒരു ഭൂഗർഭശാസ്ത്രജ്ഞൻ ഏകരൂപവാദ ആശയത്താൽ സ്വാധീനിക്കപ്പെട്ടു. താൻ ഭൂമിക്കു ചുറ്റും പല അടുക്കുകളായി കാണപ്പെടുന്ന ഊറൽ പാറകളെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഊറൽ പാറകൾ ഉണ്ടാകുന്നത് വെള്ളത്തിൽ വരുന്ന ഊറൽ അടിഞ്ഞ് കട്ടിയാകുമ്പോഴാണ് എന്ന് ആളുകൾ മനസ്സിലാക്കിയിരുന്നു. ലായലിന്റെ കാലം വരെ ആളുകൾ വിശ്വസിച്ചിരുന്നത്, ഊറൽപാറ അടുക്കുകളെല്ലാം ഉണ്ടായത് നോഹയുടെ കാലത്തെ ഒരു വർഷക്കാലം നീണ്ടു നിന്ന ജലപ്രളയത്തിലായിരുന്നു എന്നായിരുന്നു. പക്ഷെ ഏകരൂപവാദത്താൽ സ്വാധീനിക്കപ്പെട്ട ലായൽ ഭൂതകാലത്ത് ദൈവിക ഇടപെടലുകൾ ഒന്നും ഉണ്ടായിട്ടില്ല എന്നും അതുകൊണ്ട് നോഹയുടെ കാലത്ത് ഒരു ആഗോള ജലപ്രളയം സംഭവിച്ചിട്ടില്ല എന്നും വിശ്വസിച്ചു. അതുകൊണ്ട് ഊറൽ പാറകളെല്ലാം കോടിക്കണക്കിന് വർഷങ്ങളിലൂടെ സാവധാനമായി അടിയുകയായിരുന്നു എന്ന് താൻ വാദിക്കുകയും അങ്ങനെ ഭൂമിക്ക് താൻ കോടിക്കണക്കിന് വർഷങ്ങൾ പ്രായം ആരോപിക്കുകയും ചെയ്തു. ഇന്ന് ഊറൽപാറകളിൽ കാണുന്ന ജീവാശ്മങ്ങളെല്ലാം (fossils) ജലപ്രളയത്തിൽ ചത്ത ജീവികളുടെ അവശിഷ്ടങ്ങളല്ല. പ്രത്യുത വിവിധ യുഗങ്ങളിൽ ഭൂമിയിൽ ജീവിച്ചിരുന്ന ജീവികളുടെ അവശിഷ്ടങ്ങളാണ് എന്ന് താൻ പഠിപ്പിച്ചു. തന്റെ ആശയങ്ങൾ താൻ 3 വാല്യങ്ങളിൽ പ്രസിദ്ധീകരിച്ച തന്റെ പ്രസിദ്ധമായ "The Principles of Geology" (1830 - 1833) എന്ന പുസ്തകത്തിലൂടെ അവതരിപ്പിച്ചു.

ഇതിന് ശേഷം രംഗപ്രവേശനം ചെയ്ത ആളാണ് ചാൾസ് ഡാർവിൻ(1809-1882). തന്റെ പ്രസിദ്ധമായ കപ്പൽയാത്രക്കിടയിൽ താൻ ലായലിന്റെ പുസ്തകം പല പ്രാവശ്യം വായിക്കുകയും ഊറൽപാറകൾ അടിയുവാൻ വേണ്ടി ലായൽ ഭൂമിക്ക് കൊടുത്ത നീണ്ട ആയുസ്സിനാൽ സ്വാധീനിക്കപ്പെടുകയും ചെയ്തു. ഈ നീണ്ടകാലയളവ് പരിണാമം നടക്കുവാൻ മതിയായ സമയം നൽകുന്നുണ്ട് എന്ന് താൻ തീരുമാനിച്ചു. അങ്ങനെ ഭൂമിയുടെ ചരിത്രത്തിൽ ലളിതമായ ജീവികളിൽ നിന്നും സങ്കീർണ്ണമായ ജീവികൾ കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണമിച്ചുകൊണ്ടിരുന്നു എന്നും അതിന്റെ തെളിവുകൾ (ജീവാശ്മങ്ങൾ) ഊറൽ പാറകൾക്കുള്ളിൽ കാണപ്പെടുന്നു എന്നും താൻ വാദിച്ചു. അങ്ങനെ തന്റെ മുൻഗാമികളായിരുന്ന എല്ലാവരുടെയും അഭിപ്രായങ്ങളെ ചേർത്തിണക്കിക്കൊണ്ട് ഒടുവിലായി ഡാർവിൻ തന്റെ പരിണാമവാദം അവതരിപ്പിച്ചു.

മുകളിൽ പറഞ്ഞിരിക്കുന്ന 3 വ്യക്തികളാണ് പ്രധാനമായും പരിണാമവാദചിന്താഗതിയുടെ വളർച്ചയിൽ പങ്ക് വഹിച്ചത്. ആദിമുതൽ ഒരുപോലെയുള്ള പ്രകൃതി പ്രക്രിയകളാൽ ഭൂതലം രൂപപ്പെട്ടുകൊണ്ടിരുന്നു എന്ന് ജെയിംസ് ഹട്ടൺ വാദിച്ചു. ചാൾസ് ലായൽ ഒരു ആഗോള ജലപ്രളയത്തെ നിഷേധിച്ചു. ചാൾസ് ഡാർവിൻ സൃഷ്ടിയെ നിരാകരിച്ചു. ഒടുവിലായി അഭ്യസ്തവിദ്യരായ ആളുകൾ ശാസ്ത്രം എന്ന പേരിൽ ഈ ആശയങ്ങൾ എല്ലാം

# മാളികമുറി പ്രഭാഷണം - 16

ഡോ. ഒ.എം. ശാമുവേൽ

**പ**കെയ്ക്കുകയെന്ന പദപ്രയോഗം ഈ ഭാഗത്ത് ഏഴ് പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. ഇത് കേവലം വ്യക്തിപരമായ ഒരു വിദ്വേഷത്തെക്കുറിച്ചല്ല പറയുന്നത്. നമ്മുടെ ജീവിതശൈലിയോടും വിശ്വാസപ്രമാണങ്ങളോടുമുള്ള എതിർപ്പും വിരോധവുമാണ് വിഷയം. ദൈവത്തോടും ദൈവിക കാര്യപരിപാടിയോടുമുള്ള എതിർപ്പാണ് പ്രധാനം. യോഹ. 14:30-ൽ ഈ ലോകത്തിന്റെ പ്രഭുവിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ടല്ലോ. എന്നാൽ സാത്താനും യേശുക്രിസ്തുവും തമ്മിൽ യാതൊരു ബന്ധവുമില്ലയെന്ന് വ്യക്തമാക്കി കഴിഞ്ഞല്ലോ. ഈ ലോകത്തിന് ശിഷ്യന്മാരോടുള്ള മനോഭാവം എന്തായിരിക്കും എന്ന് യേശുകർത്താവ് ശിഷ്യന്മാരെ അനുസ്മരിപ്പിക്കുന്നു. തിരുവചനപ്രകാരം ലോകമെന്ന പദപ്രയോഗം വ്യത്യസ്ത രീതിയിൽ ഉള്ളതായി കാണാം. ഒന്നാമത് കർത്താവു സൃഷ്ടിച്ച ലോകം. ലോകം അവനാൽ സൃഷ്ടിക്കപ്പെട്ടുയെന്ന് വായിക്കുന്നുണ്ട് (യോഹ.1:10). ലോകത്തിലുള്ള മാനവരാശിയെ മുഴുവൻ ചേർത്തും ലോകമെന്നു പറഞ്ഞിട്ടുണ്ട്. ദൈവം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു (യോഹ. 3:16). ഒരു വിശ്വാസിയുടെ വീക്ഷണത്തിൽ ദൈവത്തോട് ശത്രുത്വം പുലർത്തുന്ന ഈ ലോകത്തിന്റെ വ്യവസ്ഥിതി, ദൈവത്തോട് ശത്രുത്വം പുലർത്തുന്ന സാമൂഹ്യസംഘടനകൾ, തത്വജ്ഞാനസംഹിതകൾ, വിദ്യാഭ്യാസ സമ്പ്രദായം ഇവയെല്ലാം ദൈവത്തിനെതിരായുള്ള ലോകത്തിന്റെ ചിത്രമാണ്. വിശ്വാസികൾ എന്ന നിലയിൽ ഈ ലോകത്തെയാണ് നാം സ്നേഹിക്കരുത് എന്ന് പറഞ്ഞിരിക്കുന്നത് (1 യോഹ. 2:15,17). അതുപോലെ ഈ ലോകത്തിന് അനുരൂപരാകരുത് എന്ന സന്ദേശത്തിന്റെയും അന്തഃസത്ത ഇതു തന്നെ (റോമർ 12:1,2). ലോകത്തിന്റെ പക ക്രമീകൃതമായ രീതിയിൽ വർദ്ധിച്ചുവരുന്നതാണ്. ആദ്യം പക (യോഹ. 15:18,19). പീഢനങ്ങൾ (15:20), പുറന്തള്ളുക, ഒടുവിൽ മരണം (16:2). ഈ നിലയിലാണ് വിവരിച്ചിരിക്കുന്നത്. അപ്പൊ.പ്രവർത്തികൾ പഠിക്കുമ്പോഴും അവർ നേരിടേണ്ടിവന്ന എതിർപ്പുകൾ ഏതാണ്ട് ഇതേ രീതിയിൽ ഉള്ളവയായിരുന്നു എന്ന് കാണാം.

ലോകം നമ്മെ പകെക്കാൻ പ്രധാനമായും രണ്ടു കാരണങ്ങളാണ് ഉള്ളത്. ഒന്നാമത് കർത്താവ് നമ്മെ ഈ ലോകത്തിൽ നിന്നാണ് വിളിച്ച് വേർതിരിച്ചത്. അതിനുമുമ്പ് നാം ഈ ലോകക്കാർ ആയിരുന്നു. ഇപ്പോൾ ലോകത്തിലുള്ളവരല്ല. നാം യേശുക്രിസ്തുവിൽ ആയിക്കഴിഞ്ഞുയെന്ന് ലോകത്തിന് അറിയാം. ഇന്നു കർത്താവ് നമ്മുടെ രക്ഷിതാവും യജമാനനും ആണ്. അവനെ പ്രസാദിപ്പിച്ചും അവനു മഹത്വം നൽകിയുമുള്ള ഒരു

---

സ്വീകരിച്ചു. പക്ഷേ ഈ ആശയങ്ങളുടെ ഫലം വിനാശകരമാണ് എന്ന് പലരും അറിയുന്നില്ല. കഴിഞ്ഞുപോയ ദൈവിക ന്യായവിധിയെ (ജലപ്രളയത്തെ) നിഷേധിച്ചിരിക്കുന്നതുകൊണ്ട്, വരുവാൻ പോകുന്ന ന്യായവിധിയെ (കർത്താവിന്റെ രണ്ടാം വരവിനെ) ചോദ്യം ചെയ്യുവാനും അവഗണിക്കുവാനും ഇന്ന് മനുഷ്യർ ധൈര്യപ്പെടുന്നു.

ഈ സംഭവവികാസങ്ങളെക്കുറിച്ച് ബൈബിളിൽ ഏകദേശം 1800 വർഷങ്ങൾക്കുമുമ്പ് കൃത്യമായ പ്രവചനം ഉണ്ടായിരുന്നു എന്നത് നമ്മെ അതിശയിപ്പിച്ചേക്കാം. 2 പത്രൊസ് 3:3-7 നോക്കുക. ''അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു (ജെയിംസ് ഹട്ടന്റെ ഏകരൂപവാദം) എന്ന് പറഞ്ഞ് സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞു കൊൾവിൻ. ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും (ചാൾസ് ഡാർവിൻ നിഷേധിച്ച സൃഷ്ടി) അതിനാൽ അന്നുള്ള ലോകം ജലപ്രളയത്താൽ മുങ്ങി നശിച്ചു എന്നും (ചാൾസ് ലായൽ നിഷേധിച്ച ജലപ്രളയം) ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേയ്ക്ക് കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു"

പരിണാമവാദം അപകടകരമാണ്. ഇത് ഇന്നത്തെ അഭ്യസ്തവിദ്യരായ മനുഷ്യർക്ക് കർത്താവിന്റെ വരവിനെ ചോദ്യം ചെയ്യുവാനും വരുവാൻ പോകുന്ന ന്യായവിധിയെ അവഗണിക്കുവാനും വേണ്ടി ഒരു കപട ധൈര്യം നല്കിയിരിക്കുന്നു. (തുടരും)

**കുറിപ്പ് :** *ലേഖനകർത്താവ് ഡോ. ജോൺസൺ ജോർജ്ജിന്റെ കണ്ണിന് Glaucoma യുടെ ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമത്തിലായിരിക്കുന്നതിനാൽ തുടർന്നുള്ള ചില ലക്കങ്ങളിൽ തന്റെ ലേഖനങ്ങൾ ഉണ്ടായിരിക്കുന്നതല്ല. പൂർണ്ണസൗഖ്യം എത്രയും വേഗം ലഭിക്കുന്നതിനായി ദൈവജനം പ്രാർത്ഥിച്ചാലും. (പബ്ലിഷർ.)*

ജീവിതശൈലിയാണല്ലോ നമുക്കുള്ളത്. ലോകത്തിന് വളരെ എതിർപ്പുള്ള ഒരു രീതിയാണിത്. ലോകം യേശുക്രിസ്തുവിനെ പകെയ്ക്കുന്നതുകൊണ്ട് ക്രിസ്തുവിലുള്ളവരെയും പകെയ്ക്കുന്നു. ഈ എഴുത്തുകാരൻ തന്റെ ലേഖനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. സഹോദരന്മാരേ, ലോകം നിങ്ങളെ പകെയ്ക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത് (1 യോഹ.3:13).

ലോകം നമ്മെ പകെയ്ക്കാനുള്ള രണ്ടാമത്തെ കാരണം യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം ആണ്. യേശുക്രിസ്തുവിനെ ലോകം പകെയ്ക്കുകയും ക്രൂശിക്കുകയും ചെയ്തു. ക്രൂശിക്കപ്പെട്ട ക്രിസ്തുവുമായുള്ള നമ്മുടെ അഭേദ്യബന്ധം ലോകം നമ്മെ വെറുക്കുവാനുള്ള കാരണമായി. സങ്കീർത്തനങ്ങളിൽ ഇതോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനവാക്യം ശ്രദ്ധേയമാണ്. കാരണം കൂടാതെ എന്നെ പകെയ്ക്കുന്നവർ എന്റെ തലയിലെ രോമത്തിലും അധികമാകുന്നു (സങ്കീ. 69:4). ലോകം അവനെ പീഢിപ്പിക്കുകയും ക്രൂശിക്കയും ചെയ്തു. അതുപോലെ ക്രിസ്തുവിന്റെ അനുയായികളെയും അവർ പീഢിപ്പിക്കയും ക്രൂശിക്കയും ചെയ്ക സ്വാഭാവികമാണല്ലോ. എത്രയോ നൂറ്റാണ്ടുകളായി ലോകത്തിന്റെ ഈ മനോഭാവത്തിന് ഒരു വ്യത്യാസവുമില്ല. ബസ്സിലോ ട്രെയിനിലോ യാത്ര ചെയ്യുമ്പോൾ നാം ദിനപത്രങ്ങളോ മറ്റു പുസ്തകങ്ങളോ വായിക്കുന്നത് ആരും ശ്രദ്ധിക്കുകയില്ല. അതേസമയം ബാഗിൽനിന്നും ബൈബിൾ എടുത്ത് വായിക്കാൻ ആരംഭിച്ചാൽ എല്ലാവരുടെയും ശ്രദ്ധ നമ്മിലേക്ക് പതിയും. ചിലർ വളരെ വിരസമനോഭാവത്തോടുകൂടി നോക്കുകയും അടുത്തുള്ളവരോട് മ്ലേച്ഛമായ ഭാഷയിൽ സംസാരിക്കയും ചെയ്തു എന്നു വരാം. ഇത് ലോകം നമ്മെ പകെയ്ക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്.

മാളികമുറി പ്രഭാഷണത്തിന്റെ ഒരു ഭാഗമായ മാദ്ധ്യസ്ഥപ്രാർത്ഥനയിൽ ലോകം എന്ന പദം 18 പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. അതുപോലെ യോഹന്നാൻ തന്റെ ലേഖനത്തിലും ലോകത്തെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചും ധാരാളം ആത്മീയ സത്യങ്ങൾ വിശദമാക്കുന്നുണ്ട്.

22-ാം വാക്യത്തിൽ ഞാൻ വന്നു അവരോട് സംസാരിക്കാതിരുന്നെങ്കിൽ അവർക്ക് പാപം ഇല്ലായിരുന്നു. ഇപ്പോഴോ അവരുടെ പാപത്തിനു ഒഴികഴിവില്ല. ഈ പ്രസ്താവന വളരെ ഗൗരവത്തോടുകൂടി പരിഗണിക്കേണ്ടതാണ്. യേശുക്രിസ്തു ഈ ഭൂമിയിൽ പല കാര്യങ്ങൾ വെളിപ്പെടുത്താൻ വന്നവനാണ്. യിസ്രയേലിന്റെ മദ്ധ്യത്തിലെ ശുശ്രൂഷ അവരുടെ പാപസ്വഭാവത്തെ വെളിപ്പെടുത്തുന്നതായിരുന്നു. ന്യായപ്രമാണം നൽകിയതിന്റെ ഉദ്ദേശ്യം അവരുടെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നതിന്നായിരുന്നു. എന്നാൽ അവരുടെ പാപാവസ്ഥയെക്കുറിച്ച് അവർ ഒരിക്കലും ബോധവാന്മാരായിരുന്നില്ല. സത്യത്തെ തടുക്കുന്നതിനുള്ള ശ്രമമാണ് അവരിൽ നിന്നും ഉണ്ടായിട്ടുള്ളത്. യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തു അവരുടെ മദ്ധ്യത്തിൽ വന്ന് വാക്കുകളാലും പ്രവൃത്തികളാലും യിസ്രായേലിന്റെ പാപത്തെക്കുറിച്ച് ബോധ്യം വരുത്താൻ ശ്രമിച്ചു. എന്നാൽ അവർ ഈ സത്യത്തിന്റെ നേരെ അജ്ഞത അഭിനയിക്കുകയാണല്ലോ ചെയ്തത്. യേശുക്രിസ്തുവിന്റെ വാക്കുകളും പ്രവർത്തനശൈലിയും പാപത്തെക്കുറിച്ച് ബോധം വരുത്താൻ പര്യാപ്തമായിരുന്നു. പക്ഷെ യിസ്രായേൽ യേശുക്രിസ്തുവിന്റെ വാക്കുകളെയും പ്രവർത്തനങ്ങളെയും ഒരുപോലെ അവഗണിച്ച് പാപത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തിരിക്കുന്നവരാണ്. അങ്ങനെ യേശുക്രിസ്തുവിനെയും പിതാവിനെയും ഒരുപോലെ പകയ്ക്കുന്ന ലോകത്തെയാണ് നമുക്കു ചുറ്റും കാണാൻ കഴിയുന്നത്.

ഈ അദ്ധ്യായത്തിന്റെ പര്യവസാനത്തിൽ യേശുക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശം ശ്രദ്ധേയമാണ്. ഈ പ്രഭാഷണത്തിൽ ഇതിനുമുമ്പും പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിലുള്ള പരാമർശം നാം കണ്ടു കഴിഞ്ഞതാണ് (14:16,17). ആ ഭാഗത്ത് വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് എന്തു ചെയ്യുന്നു എന്നാണ് വിശദീകരിച്ചിരിക്കുന്നത്. ഈ ഭാഗത്ത് പരിശുദ്ധാത്മാവ് ദൈവവചനം ഏതു രീതിയിൽ പ്രകാശിപ്പിക്കുന്നു എന്നാണ് വിവരിക്കുന്നത്. സത്യത്തിന്റെ ആത്മാവ് എന്നെക്കുറിച്ച് സാക്ഷ്യം പറയും. യേശുക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യമാണ് പരിശുദ്ധാത്മാവിന്റെ പ്രധാന ശുശ്രൂഷ. പരിശുദ്ധാത്മാവ് ഒരിക്കലും സ്വയമായി സംസാരിക്കുന്നില്ല. യേശുക്രിസ്തുവിന്റെ മഹത്വമാണ് സത്യാത്മാവിന്റെ ലക്ഷ്യം. ഈ സത്യം അടുത്ത അദ്ധ്യായത്തിൽ വീണ്ടും വരുന്നതുകൊണ്ട് കൂടുതൽ വിശദീകരണം നൽകുന്നില്ല. പരിശുദ്ധാത്മാവ് യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം നൽകുന്നു എങ്കിൽ നാമും അവനെക്കുറിച്ച് സാക്ഷ്യം പറയേണ്ടവർ തന്നെ. നമുക്ക് അവന്റെ സാക്ഷികൾ ആകാം. കർത്താവ് സഹായിക്കട്ടെ. **(തുടരും)**

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം - 16

**ജേക്കബ് തോമസ്, മാവേലിക്കര**

## XVI. മൂപ്പന്മാരോടുള്ള സഭയുടെ മനോഭാവം (1 തിമൊ.5: 17-21)

*നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടിമാനത്തിന് യോഗ്യരായി എണ്ണുക. മെതിക്കുന്ന കാളക്കു മുഖക്കൊട്ട കെട്ടരുതു എന്ന് തിരുവെഴുത്ത് പറയുന്നു, വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ എന്നും ഉണ്ടല്ലോ. രണ്ട് മൂന്ന് സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുത്, പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്ക. നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളണമെന്ന് ഞാൻ ദൈവത്തെയും, ക്രിസ്തുയേശുവിനെയും, ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി നിന്നോട് കല്പിക്കുന്നു.*

വിധവമാരെ കരുതുന്നതിനെക്കുറിച്ച ദീർഘമായ നിർദ്ദേശം നല്കിയ ശേഷം, പൗലൊസ് വീണ്ടും മൂപ്പന്മാരെക്കുറിച്ച് ചില നിർദ്ദേശങ്ങൾ നല്കുന്നു. മൂന്നാം അദ്ധ്യായത്തിൽ അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളായിരുന്നങ്കിൽ ഇവിടെ അവരോട് എങ്ങനെ പെരുമാറണമെന്നാണ് പറയുന്നത്. ഇടയലേഖനമെന്ന അപരനാമം അന്വർത്ഥമാക്കുംവിധത്തിൽ സഭാസംബന്ധമായ വിവിധ നിർദ്ദേശങ്ങളും വിശദീകരണങ്ങളും നമുക്ക് ഈ ലേഖനത്തിൽ കാണാം. മൂപ്പന്റെ ശുശ്രൂഷയെക്കുറിച്ച് പുതിയനിയമത്തിൽ രണ്ട് വിധത്തിലുള്ള ഉത്തരവാദിത്തങ്ങൾ കാണാം, ഒന്ന്, മാന്യമായ പദവിക്കനുസരണമായ ജീവിതം, രണ്ട്, ആത്മാർത്ഥതയോടുകൂടിയ പരിപാലനം. ദൈവസഭയുടെ സുഗമമായ നടത്തിപ്പിനായി ദൈവമെഴുന്നേല്പിക്കുന്ന ഇടയന്മാരാണ് മൂപ്പന്മാർ. അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് മാത്രമല്ല, അവരുടെ ശുശ്രൂഷാമേഖലയെക്കുറിച്ചും, ഉത്തരവാദിത്തങ്ങളെക്കുറിച്ചും പൗലൊസ് പ്രതിപാദിക്കുന്നുണ്ട്. സഭാനേതൃത്വം സംശുദ്ധമായതും, കരുത്തുറ്റതും ആയിരിക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു.

### 1. വിശ്വസ്തരായ മൂപ്പന്മാരെ ആദരിക്കുക (5:17-19)

വിശ്വസ്തരായി തങ്ങളുടെ വേലചെയ്യുന്ന മൂപ്പന്മാരെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അവർ വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരാണ്. ദൈവവചനം പഠിക്കയും അത് സഹവിശ്വാസികളെ പഠിപ്പിക്കയും ചെയ്യുക എന്നത് ഒരു അദ്ധ്വാനമായാണ് പൗലൊസ് കാണുന്നത്. ദൈവവേലചെയ്യുന്ന ദൈവദാസന്മാരെ ആദരിക്കയും, അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടതാണ്. വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യനുമാണ്.

ഏതെങ്കിലും നിലയിൽ ശുശ്രൂഷയിൽ ഉയർന്ന് വരുന്നവരെ വിമർശിക്കുകയും, നിരുത്സാഹപ്പെടുത്തുകയും അവരുടെ അഭിവൃദ്ധിയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നത് ക്രിസ്തീയഗോളത്തിൽ കണ്ടുവരുന്ന ഒരു പ്രവണതയാണ്. ഇത് ഒരു നിലയിലും അഭിനന്ദനാർഹമായ കാര്യമല്ല. ദൈവവചനം പറയുന്നത് ശാഠ്യത്താലോ, ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഒരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ എന്നാണ് (ഫിലി 2.3.).

ക്രിസ്തുവിനെ സ്നേഹിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഭയെ പരിപാലിക്കേണ്ടത്. ക്രിസ്തുവിനോടുള്ള സ്നേഹമാണ് നമ്മെ മുന്നോട്ട് നയിക്കേണ്ടത്. മറ്റ് പല ലക്ഷ്യങ്ങളുമായി ദൈവത്തെ സേവിക്കുവാനിറങ്ങുന്നത് അപകടകരമാണ്. ഒരു മൂപ്പനെന്ന നിലയിൽ പത്രൊസ് മറ്റുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നത് നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻക്കൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിന് ഹിതമാംവണ്ണം മനപൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻകൂട്ടത്തിന് മാതൃകയായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ (1 പത്രൊസ് 5.2,3) എന്നാണ്. മാത്രമല്ല, ആരോപണങ്ങൾ അനേകം ഉയരുവാനിടയുള്ള പദവിയാണ് മൂപ്പന്റേത്, എന്നാൽ, അത് ശരിയാണോ എന്ന് സസൂക്ഷ്മം പരിശോധിക്കണം. മതിയായ സാക്ഷികളില്ലാതെ ഒരു നടപടിയിലേക്ക് കടക്കരുത്. പലപ്പോഴും ഈ വസ്തുത പലരും കുറിക്കൊള്ളാറില്ല. നാം പലപ്പോഴും നമ്മുടെ സഹോദരങ്ങളുടെ വ്യക്തിത്വത്തെ ഹനിക്കുന്നു.

### 2. പാപം ചെയ്യുന്നവരെ പരസ്യമായി ശാസിക്കുക (5:20)

സഭയിലുണ്ടാകുന്ന ഏറ്റവും പ്രധാന പ്രശ്നമാണ് പാപം, അത് കണ്ടില്ലാ എന്ന് നടിക്കുവാൻ ഒരു ദൈവദാസന് കഴിയില്ല. കാരണം പാപം

# പുനരുത്ഥാനത്തിന്റെ പ്രസക്തി (തുടർച്ച)

യോഹന്നാൻ എബ്രഹാം

**പ്രാവചനികമായി വെളിപ്പെടുത്തിയിരുന്ന പുനരുത്ഥാനം**

യേശുക്രിസ്തുതന്നെ തന്റെ മരണ പുനരുത്ഥാനത്തെക്കുറിച്ച് മുൻക്കൂട്ടി പ്രവചിച്ചിരുന്നു (മർക്കൊസ്,9:9-10,31-32,10:34, മത്തായി,20:17-19, ലൂക്കൊസ്, 18:32-33,29:7). ഈ പ്രവചനം ഗ്രഹിപ്പാൻ ശിഷ്യന്മാർക്ക് കഴിഞ്ഞിരുന്നില്ല. മരിച്ചവരുടെ ഇടയിൽ നിന്നും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് മുൻകുട്ടിപറഞ്ഞിരുന്നു. മരണവിധം എങ്ങനെയെന്നും മുൻക്കൂട്ടിക്കണ്ടിരുന്നു. (മാർക്കൊസ് 8:31,മത്തായി16:21;17:9) യേശുക്രിസ്തു സാക്ഷാൽ ദൈവപുത്രനായിരുന്നതിനാൽ മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്യേണ്ടത് അനിവാര്യമായിരുന്നു. തന്നെ പിടിച്ചു വെക്കുവാൻ മരണത്തിന് അസാദ്ധ്യമായിരുന്നു. യേശുവിന് തന്റെ ജീവനെകൊടുപ്പാനും അതിനെ തിരികെ പ്രാപിപ്പാനും അധികാരമുണ്ടായിരുന്നു. (പ്രവൃ. 2:34-35; റോമർ 1:5; യോഹ 5:26). ദൈവം പിതാക്കന്മാർക്ക് നൽകിയിരുന്ന വാഗ്ദത്തമാണിത് (പ്രവൃ. 13:30-33).

പുനരുത്ഥാനത്തിന്റെ പ്രസക്തി അപ്പൊസ്തലനായ പൗലൊസ് വിശദീകരിക്കുന്നത് 1 കൊരി. 15ലാണ്. അതിൽ 14-19 വാക്യങ്ങളിൽ ക്രിസ്തുവിന്റെ മരണത്തെ അംഗീകരിക്കുന്നവരിൽ പലരും ദേഹസഹിതമുള്ള പുനരുത്ഥാനത്തെ നിഷേധിക്കുന്നു.പുനരുത്ഥാനം ഇല്ല എങ്കിൽ സുവിശേഷ പ്രസംഗം വ്യർത്ഥമാണ്. വിശ്വാസത്തിന് ഒരു അർത്ഥവും ഇല്ല. വിശ്വാസികൾ ഈ ആയുസിൽ മാത്രം ആശ്രയിക്കുന്നവരാണങ്കിൽ ശേഷം മനുഷ്യരേക്കാൾ അരിഷ്ടരാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ സത്യങ്ങളുടെയും അടിസ്ഥാനം പുനരുത്ഥാനമാണ്. എന്നാൽ

---

അത് ചെയ്യുന്ന വ്യക്തിയെ മാത്രമല്ല സഭയിലുള്ള മറ്റു വ്യക്തികളെയും ബാധിക്കുന്നു. ആദാം പാപം ചെയ്തപ്പോൾ അത് മനുഷ്യവർഗ്ഗത്തെ മൊത്തം പാപത്തിലാഴ്ത്തി. യിസ്രയേൽ മക്കൾ പാപം ചെയ്തപ്പോൾ പിൻ തലമുറകൾ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. ദാവീദിന്റെ പാപം തന്റെ കുടുംബത്തിന്റെ തകർച്ചക്ക് വഴിയൊരുക്കി. ഇന്ന് നമ്മുടെ സമൂഹത്തിലും, ഒരു വ്യക്തിയുടെ അപാകത ചൂണ്ടിക്കാണിച്ചാൽ അത് അംഗീകരിക്കുവാൻ, ആ തെറ്റ് ആവർത്തിക്കാതെ ജീവിതം നയിക്കുവാൻ എത്ര പേർ മനസ് വയ്ക്കുന്നുണ്ട്? നമുക്കെല്ലാവർക്കും വീഴ്ചകൾ വരാനിടയുണ്ടെന്ന് മനസ്സിലാക്കുകയും ദൈവവചനാനുസൃതമായി അതിനെ തിരുത്താൻ മനസ്സുവെയ്ക്കേണ്ടതു മാണ്. ഒരു ദൈവദാസനെന്ന നിലയിൽ തിമൊഥെയോസിനുള്ള വെല്ലുവിളി പാപം ചെയ്യുന്നവരെ പരസ്യമായി ശാസിക്കുകയെന്ന ദൗത്യമാണ്. ഇത് ഏറ്റവും ഗൗരവതരമായ ദൗത്യമാണെങ്കിലും ശേഷമുള്ളവരുടെ ഭയത്തിനായി അർത്ഥാൽ അവർ ആവിധ പാപങ്ങൾ ആവർത്തിക്കാതിരിക്കുവാൻ മാത്രമാണ് അപ്രകാരം ചെയ്യുന്നത്.

**3. പക്ഷപാതരഹിതമായി സേവനം ചെയ്യുക (5:21)**

ഈ ഭാഗം നാം പരിശോധിക്കുമ്പോൾ പൗലൊസ് ആരെയെല്ലാം സാക്ഷിനിർത്തിയാണ് തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നത് എന്നു കാണുവാൻ കഴിയും. തന്റെ കടമകൾ ഏതെങ്കിലും വിധത്തിൽ ചെയ്യുകയെന്ന മനോഭാവം അല്ല, അത് ദൈവത്തെയും, ക്രിസ്തുയേശുവിനെയും, ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി ചെയ്യുന്നു എന്ന ബോധ്യത്തോടെയാണ് താൻ ഈ കല്പന നൽകുന്നത്. പക്ഷപാതപരമായി നാം എന്തെങ്കിലും ചെയ്താൽ അത് ദൈവസന്നിധിയിൽ വെളിപ്പെട്ടുവരും എന്ന അറിവ് എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്. ഈ മനോബോധവും കാഴ്ചപ്പാടും നമ്മെ വളരെ ഭയത്തോടും വിറയലോടും കൂടി ദൈവത്തെ സേവിക്കുവാൻ സഹായിക്കും. ഇന്ന് നാം ചെയ്യുന്ന പ്രവൃത്തികൾ ശോധനചെയ്യുന്ന ഒരു ദിവസമുണ്ട്; ആ ദിവസം അതിനെ തെളിവാക്കും, അത് തീയോടെ വെളിപ്പെട്ടുവരും, ഒരോരുത്തന്റെ പ്രവൃത്തി ഇന്ന വിധമെന്ന് തീ തന്നെ ശോധനചെയ്യും (1 കൊരി. 3.13). നീതിമാനായ കർത്താവാണ് നമുക്കുള്ളത്; അവൻ ദൈവജനത്തെ ന്യായം വിധിക്കുന്നതിനെക്കുറിച്ച് പൗലൊസ് പറയുന്നത് അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5.10). നമ്മുടെ പ്രവൃത്തികളെ നമുക്ക് ദൈവസന്നിധിയിൽ ശോധനചെയ്യാം. ആദരിക്കേണ്ടവരെ ആദരിക്കുവാനും, പാപത്തോടു എതിർത്തു നില്ക്കുവാനും, നിഷ്പക്ഷമായ ജീവതം കാഴ്ചവെയ്ക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. **(തുടരും)**

കർത്താവിന്റെ ശിഷ്യൻമാരെപ്പോലെ ഇന്നും അനേക വിശ്വാസികൾ പോലും ശരീരത്തിന്റെ അക്ഷരികമായ ഉയിർത്തെഴുന്നേല്പിൽ നിശ്ചയമുള്ളവരല്ല. കാരണം കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിനെ അവർ അത്രകണ്ട് വിശ്വസിച്ച് അംഗീകരിക്കുന്നില്ല എന്നതാണ്. പുനരുത്ഥാനം എന്നത് ക്രിസ്തു വിശ്വാസിയുടെ നങ്കൂരമാണ്. ക്രിസ്തുവിന്റെ ക്രൂശുമരണം നമ്മുടെ പാപത്തെയാണ് ഓർമ്മിപ്പിക്കുന്നത്. എങ്കിൽ അവന്റെ പുനരുത്ഥാനം നമ്മുടെ നീതീകരണത്തെയാണ് കാണിക്കുന്നത്. (റോമർ 4:24-25) ഈ പുനരുത്ഥാനശക്തി അനുഭവിച്ചറിയേണ്ടതാണ്. പൗലൊസ് അതിനായി തീവ്രമായി ആഗ്രഹിക്കുന്നു. (ഫിലി:3:10-11) ക്രിസ്തുവിൽ വിശ്വസിക്കുന്ന ദൈവമക്കൾ അവനോടുകൂടി ഉയിർപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുകയാണ് (എഫെ. 2:6-7). അതിനാൽ നാം ഈ ലോകത്തിനുള്ളവരല്ല. ഉയരത്തിലുള്ളതാണ് അന്വേഷിക്കേണ്ടത് (കൊലൊ. 3:1). സ്വർഗ്ഗീയവിളിയാൽ വിളിക്കപ്പെട്ട പരമവിളിയുടെ ഓഹരിക്കാരാണ്(എബ്രാ. 3:1). അതുകൊണ്ട് പിൻപിലുള്ളതിനെ മറന്ന് മുൻപിലുള്ളതിനായി ആഞ്ഞുകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയെ ലാക്കാക്കി ലക്ഷ്യത്തിലേക്ക് ഓടേണ്ടവരാണ്.(ഫിലി,3:14) യേശുക്രിസ്തുവിലും അവന്റെ മരണ പുനരുത്ഥാനത്തിലും വിശ്വസിക്കുന്ന ദൈവമക്കൾക്ക് ഒരു പുനരുത്ഥാനം ഉണ്ട് നിശ്ചയം. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്നും കർത്താവായയേശു രക്ഷിതാവായിവരും യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ഒരിക്കൽ ലോകത്തിൽ വന്നു എന്ന് ഭൂതകാല ക്രിയയിൽ പറഞ്ഞിരിക്കുന്നു. ഫിലിപ്പ്യലേഖനത്തിൽ യേശു ക്രിസ്തു രക്ഷിതാവായിവരും എന്ന് ഭാവികാലക്രിയയിലാണ് പറഞ്ഞിരിക്കുന്നത്. ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം നൽകുവാനാണ് ഇനിയും വരുന്നത്(റോമർ,8:23). ഇനിയും വരുവാനുള്ളവൻ വരും താമസിക്കുകയില്ല ഈ വരുവാനുള്ള രക്ഷഎന്താണ്? യേശുക്രിസ്തു സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ദ്രവത്വമുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തുന്നതാണ്. വേദനയില്ലാത്ത കണ്ണുനീരില്ലാത്ത പരിമിധിയില്ലാത്ത ഒരു നിത്യസൗഭാഗ്യത്തിലേക്ക് നമ്മെ ചേർക്കുന്നതാണ്. വിശ്വാസികൾ അതിനായിട്ടാണ് കാത്തിരിക്കേണ്ടത്. കാത്തിരിക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ വെളിപ്പെടുന്നതാണ്. ഇന്ന് അനേക വിശ്വാസികൾ പെന്തക്കൊസ്തുനാളിൽ നമ്മോടുകൂടി എന്നേക്കും ഇരിക്കുവാൻ വന്ന പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരിക്കുന്നു. വണ്ടിക്കു പുറകിൽ കാളയെ കെട്ടുന്നതുപോലെയാണിത് (ഫിലി. 3:20-21).

യോഹന്നാൻ അപ്പൊസ്തലൻ തന്റെ ലേഖനത്തിൽ ഈ സത്യം വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ ലോകം മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്ത യേശുക്രിസ്തുവിനെ അറിയേണ്ടതുപോലെ അറിയുന്നില്ല. അതുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിച്ച ദൈവമക്കളെയും അറിയുന്നില്ല. ഇന്നു നാം ദൈവമക്കളാണ് എങ്കിൽത്തന്നെ ദ്രവത്വമുള്ള ഈ ശരീരത്തിൽ വേദനയും ദുഃഖവും രോഗവും ക്ഷയവും വാട്ടവും മാലിന്യവും അനുഭവിക്കുന്നവരാണ്. എന്നാൽ നാം ഇന്നതാകുമെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല. എന്നാൽ യേശുക്രിസ്തു പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുന്നതുപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാരാകും എന്നും നാം അറിയുന്നു. ഈ അറിവ് സ്ഥിരീകരിക്കുന്നതിനാണ് ഈ വരികൾ എഴുതിയിരിക്കുന്നത്. യേശുക്രിസ്തുവിൽ പ്രത്യാശയുള്ളവർ അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെ താൻ നിർമ്മലീകരിച്ച് വിശുദ്ധിയെ തികച്ചുകൊണ്ട് കർത്താവിനെ കാത്തിരിക്കും. ഈ അന്ത്യകാലത്ത് ദൈവമക്കളിൽ ഈ പുനരുത്ഥാനം ചെയ്ത കർത്താവിന്റെ പുനരാഗമനത്തിൽ ഉള്ള പ്രത്യാശയുടെ സ്ഥിരത ആവശ്യമാണ്. പുനരുത്ഥാന ശക്തി വ്യാപരിച്ച് ബലഹീനരെ താങ്ങുവാൻ അനാഥരെയും വിധവമാരെയും പരിചരിക്കുവാൻ പാപത്തിന്റെ പടുകുഴിയിൽ നിന്ന് ചിലരെ വലിച്ചെടുക്കുവാൻ കഴിയേണ്ടതാണ്. ദമസ്കോസിന്റെ പടിവാതിൽക്കൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ട ശൗലിന്റെ ബാഹ്യദൃഷ്ടിക്ക് മങ്ങലേറ്റു. അകക്കണ്ണു പ്രകാശിച്ചു. കർത്താവിന്റെ കല്പന അനുസരിച്ച് യേശുക്രിസ്തു തന്നെ ദൈവപുത്രനെന്ന് ശക്തിയോടെ പ്രസംഗിച്ചു. ഈ വരികൾ ചില പൗലൊസുമാരെ എഴുന്നേല്പിച്ചിരുന്നു എങ്കിൽ! പുനരുത്ഥാനം ചെയ്ത യേശുക്രിസ്തുവിനെ അറിയേണ്ടതുപോലെ അറിഞ്ഞിരുന്നു എങ്കിൽ!

പുനരുത്ഥാനം ചെയ്ത കർത്താവിന്റെ നിസ്തുല്യനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ●

# പഞ്ചഗ്രന്ഥങ്ങളുടെ ഘടന

മാത്യു പോൾ, കോയമ്പത്തൂർ

– **18**-ാം നൂറ്റാണ്ടിലെ അമിത കൃത്തിപ്പുകാരുടെ കടന്നുവരവ് വേദപുസ്തകത്തിലെ ഗ്രന്ഥങ്ങളുടെ രൂപീകരണത്തെപ്പറ്റിയും എഴുത്തുകാരെപ്പറ്റിയും പരത്തിയ ചിന്താകുഴപ്പങ്ങൾ ഇന്നെയോളം ഒരു നിലയിൽ അല്ലങ്കിൽ മറ്റൊരുനിലയിൽ വേദപഠിതാക്കളുടെ മുമ്പിൽ നിലകൊള്ളുന്നു എന്നതിൽ സംശയമില്ല. ഇന്നും അമിത കൃത്തിപ്പുകാർ അതൊക്കെത്തന്നെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അല്പസ്വല്പ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടന്നുള്ളത് സത്യം തന്നെ. ഇത്തരം വിഢിത്തങ്ങൾ പഠിപ്പിക്കാത്ത ബൈബിൾ കോളജുകളേയും അദ്ധ്യാപകരേയും ഭോഷന്മാരായിട്ടാണ് അവർ കാണുന്നത്. അമിത കൃത്തിപ്പുകാരുടെ കീഴിൽ ബിരുദാനന്തര ബിരുദത്തിനു വേണ്ടി പഠിക്കേണ്ട ഗതികേടാണ് എനിക്കുണ്ടായത്. ഞാൻ പഠിക്കുന്ന കാലത്ത് വിശ്വാസവിഹിതരാൽ നടത്തപ്പെടുന്ന കോളേജുകളിൽ ബൈബിളിന്റെ മൂല ഭാഷയിൽ ഒരു ബിരുദാനന്തര ബിരുദം സമ്പാദിക്കുവാൻ സംവിധാനം ഇന്ത്യയിൽ ഇല്ലായിരുന്നുയെന്നതു മാത്രമാണ് അതിനു കാരണം.

വേദപുസ്തകത്തിന്റെ ആക്ഷരീക ദൈവ നിശ്വാസീയത്തിൽ വിശ്വസിച്ചിരുന്ന, ഇന്നും വിശ്വസിക്കുന്ന എനിക്ക് വളരെ ശ്വാസംമുട്ടിക്കുന്ന അനുഭവങ്ങളിൽക്കൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ട്. എന്റെ പഠനത്തിന് പ്രവാചകന്മാരുടെ പുസ്തകങ്ങളാണ് ഞാൻ തിരഞ്ഞെടുത്തത്. അമിത കൃത്തിപ്പുകാരുടെ ഇടയിലെ ഒരു പ്രമുഖൻ ആയിരുന്നു എന്റെ Thesis ന്റെ Guide ആയിരുന്നത്. ലോകപ്രസിദ്ധനായ അദ്ദേഹത്തിന്റെ കീഴിൽ പഠനം പൂർത്തിയാക്കുവാൻ കഴിഞ്ഞത് ദൈവ കൃപയാലല്ലാതെ മറ്റൊന്നിനാലുമല്ല. അമിത കൃത്തിപ്പു വേദപണ്ഡിതലോകം അംഗീകരിച്ച അദ്ദേഹത്തിന്റെ ഒരു പുസ്തകമനുസരിച്ച് മോശൈക ഗ്രന്ഥങ്ങൾ എഴുതപ്പെട്ടത് ബാബിലോണ്യ പ്രവാസകാലത്തായിരുന്നു. London “Exile And Restoration'' എന്ന പുസ്തകത്തിന്റെ രചയിതാവായ London University King’s College ലെ Prof.P. Ackroyd ആയിരുന്നു എന്റെ Guide അന്നു മുതൽ ഈ വിഷയം എന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നു.

മോശെയാണ് പഞ്ചഗ്രന്ഥങ്ങൾ എഴുതിയത് എന്നതിൽ അല്പം പോലും സംശയം ഇന്നെനിക്കില്ല. അതിനുള്ള പലകാരണങ്ങളിൽ വളരെ പ്രധാനമായത് പഞ്ചഗ്രന്ഥങ്ങളുടെ ഘടന എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിന് ഇത്തരം ഒരു ഘടന ഉണ്ടാകുവാൻ ഒരിക്കലും ഒരിക്കലും സാദ്ധ്യമല്ല തന്നെ. ആരായിരുന്നു എഴുത്തുകാരൻ എന്നതിലുപരി ഈ പുസ്തകങ്ങൾ എല്ലാം ഒരു എഴുത്തുകാരന്റെ മൂശയിൽ നിന്ന് വന്നതാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇതിന്റെ ഘടന. അഞ്ചായിട്ടുള്ള വിഭജനം അന്നുണ്ടായിരുന്നില്ല എന്നത് മറക്കുവാൻ പാടില്ലാത്തതാണ്. ഈ പുസ്തകത്തിലെ പല കാര്യങ്ങളും മോശെയുടെ കാലത്തു നിന്നു വന്നതാണെന്ന് എല്ലാ അമിത കൃത്തിപ്പുകാരും സമ്മതിക്കുന്ന കാര്യമാണ്. അതു വാസ്തവമെങ്കിൽ ഈ പുസ്തകം ആകാലത്തു തന്നെ എഴുതപ്പെട്ടതാണെന്ന് സംശയമെന്യേ പറയാവുന്നതാണ്. ആ കാലത്തു എഴുതപ്പെട്ടതെങ്കിൽ മോശെ തന്നെ ആയിരിക്കണം എഴുത്തുകാരൻ എന്നത് സംശയിക്കുവാൻ കാരണമില്ലല്ലോ.

ഇപ്പോൾ പഞ്ചഗ്രന്ഥങ്ങളുടെ ഘടനയിലേക്കു നമുക്ക് ശ്രദ്ധതിരിക്കാം. ഈ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നത് ഗദ്യം, പദ്യം, വംശാവലി, നിയമാവലി എന്നിങ്ങനെയുള്ള 4 വിധ സാഹിത്യ വിഭാഗങ്ങളാണ്. അവയിൽ വംശാവലിയും നിയമാവലിയും അവകളുടെ ആവശ്യാനുസരണം ചേർത്തിരിക്കുന്നവയാണ്. എന്നാൽ ഗദ്യ സാഹിത്യവും പദ്യവും ഈ പുസ്തകങ്ങളുടെ ഘടനയുടെ അവിഭാജ്യ ഘടകമാണ്. എന്നു പറഞ്ഞാൽ ഈ എഴുത്തുകാരൻ ഗദ്യവും പദ്യവും സമന്വയിപ്പിച്ചിരിക്കുന്നത ഒരു പ്രത്യേക രീതിയിലാണെന്നു മാത്രമല്ല ആദിയോടന്തം ഈ ഘടനാവിശേഷം ദർശിക്കാവുന്നതുമാണ്. ഗദ്യം+പദ്യം+ലഘുവിവരണം എന്ന ഈ ഘടനാവിശേഷം കഥകളിലും ഉപകഥകളിലും മാത്രമല്ല, ഈ പുസ്തകത്തിന്റെ ഉയർന്ന ശ്രേണികളിലും വ്യക്തമായി ദർശിക്കാവുന്നതാണ്.

ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കാം. ഉല്പത്തി 1,2,ൽ സൃഷ്ടിയുടെ കഥ തന്നെ എടുക്കാം. ഗദ്യത്തിൽ ആരംഭിച്ചിരിക്കുന്ന ഇത് 2:23-ൽ എത്തുമ്പോൾ ആദാമിന്റെ വായിൽ നിന്നു വരുന്ന വാക്കുകൾ പദ്യ രൂപത്തിലാണ്. അതിനു ശേഷം ഒരു ലഘു വിവരണവും കാണാം. ഇനി മൂന്നാം അദ്ധായത്തിലെ മനുഷ്യന്റെ വീഴ്ചയുടെ വിശദീകരണം ശ്രദ്ധിക്കുക. 14-19 വരെയുള്ള വാക്യങ്ങൾ യഹോവയുടെ വായിൽ നിന്നു വരുന്ന പദ്യശകലമാണ് നാം കാണുന്നത്. അടുത്തതായി ഒരു ലഘുവിവരണവും ഉണ്ട്. വീണ്ടും നാലാം അദ്ധ്യായത്തിലെ കയീന്റെ കഥ ശ്രദ്ധിക്കുക. 23,24 വാക്യങ്ങൾ പദ്യരൂപത്തിലും അടുത്തവരികൾ ഗദ്യവിവരണവുമാണ്. ഈ സംവിധാനം പഞ്ചഗ്രന്ഥങ്ങളിൽ ആദിയോടന്തം കാണുന്നത് ഈ ഗ്രന്ഥങ്ങളുടെ എഴുത്തുകാരൻ തന്റെ പ്രത്യേക

# ക്രിസ്തുവിന്റെ സ്ഥാനാപതികൾ

**സുനീഷ് ബാലൻ, മാവേലിക്കര**

**ക**ർത്താവായ യേശുക്രിസ്തുവിനാൽ നാം വിളിക്കപ്പെട്ടിരിക്കുന്നത് സുവിശേഷവാഹികളായിട്ടും ദൈവത്തിന്റെ സ്ഥാനാപതികളായിട്ടുമാണ്. യേശു പറഞ്ഞു, ''പിതാവ് എന്നെ അയച്ചിരിക്കുന്നതുപോലെ ഞാൻ നിങ്ങളെയും അയച്ചിരിക്കുന്നു'' (യോഹ. 20:21). പൗലൊസ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് നാം ക്രിസ്തുവിന്റെ സ്ഥാനാപതികൾ എന്നാണ് (2. കൊരി. 5:20).

സ്ഥാനാപതി എന്ന വാക്കിനർത്ഥം ''ഒരു പ്രത്യേക ദൗത്യം ഏറ്റെടുത്ത് അയയ്ക്കപ്പെട്ടവൻ എന്നാണ്. (2 ദിന. 35:21; യെശ. 18:1,2). ഒരു സ്ഥാനാപതി അധികാരങ്ങൾക്കും ഭരണകൂടത്തിനും അധീനപ്പെട്ടിരിക്കുന്നവനാണ്. അവനയയ്ക്കപ്പെട്ടിരിക്കുന്നത് ഒരു പ്രത്യേക സന്ദേശവുമായാണ്. അതിൽ നിന്നും ഒഴിഞ്ഞു മാറുവാൻ അവനധികാരമില്ല.

**എന്തൊക്കെയാണ് ഒരു സ്ഥാനാപതിയുടെ ഗുണവിശേഷങ്ങൾ?**

**1. ഒരു സ്ഥാനാപതി ഒരു രാജ്യത്തെ പൗരത്വം ഉള്ളവനും ആ രാജ്യത്തെ പ്രതിനിധീകരിക്കുന്നവനും ആണ്.**

ദൈവത്തിന്റെ സ്ഥാനാപതികളെല്ലാവരും ഒരു കാലത്ത് സാത്താന്റെ രാജ്യത്തിന്റെ പൗരത്വമുള്ളവരും ദൈവരാജ്യത്തിനു വെളിയിൽ ജീവിച്ചവരുമായിരുന്നു. സാത്താന്റെ അധീനതയിൽ നിന്നു വിമുക്തിനേടുവാനോ ദൈവരാജ്യത്തിലേക്കു ചേർക്കപ്പെടുവാനോ അവരുടെ സ്വന്തപ്രയത്നങ്ങൾകൊണ്ട് സാധിച്ചില്ല. എന്നാൽ കർത്താവായ യേശുക്രിസ്തുവിന് മാത്രമേ ഒരുപാപിക്ക് വിടുതൽ കൊടുക്കുവാനും ഒരു പുതിയ പൗരത്വം കൊടുക്കുവാനും കഴിയൂ. നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെയ്ക്കുകയും ചെയ്ത അവനിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പുണ്ട് എന്നാണ് തിരുവചനം ഉദ്ഘോഷിക്കുന്നത്.

നാം രക്ഷിക്കപെട്ടിരിക്കുന്നത് ഇരുളിൽനിന്നു വെളിച്ചത്തിലേക്ക് അഥവാ സാത്താന്റെ അധികാരത്തിൽ നിന്നും ദൈവത്തിങ്കലേക്കുമാണ് (അപ്പൊ. 26:18). ദൈവത്തിന്റെ സ്ഥാനാപതിപളുടെ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലി.3:20). അവരുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതിയിട്ടുണ്ട് (ലൂക്കൊസ്.10:20). ഈ സ്വർഗ്ഗീയ പൗരത്വം വിശ്വാസികളെ ദൈവത്തെ ഭൂമിയിൽ പ്രതിനിധികരിക്കുന്ന സ്ഥാനാപതികളാക്കുവാൻ യോഗ്യത നൽകുന്നു.

**2. ഒരു സ്ഥാനാപതി ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ടവനാണ്.**

---

ശൈലിയിൽ ഇത് രചിച്ചിരിക്കുന്നതുകൊണ്ടു മാത്രമാണ്.

ഇതേ ഘടനാവിശേഷം തന്നെ പുസ്തകത്തിന്റെ ഉയർന്ന തലങ്ങളിലും കാണാവുന്നതാണ്. ഉദാഹരണമായി യോസേഫിന്റെ കഥ ശ്രദ്ധിക്കുക. 37-48 വരെയുള്ള അദ്ധ്യായങ്ങളിൽ 48:15,16,20 എന്നീ വാക്യങ്ങൾ പദ്യരൂപത്തിലാണ്. അതിനു ശേഷം ഗദ്യവും. ഉല്പത്തിപ്പുസ്തകം അവസാനിക്കുന്നത് ശ്രദ്ധിക്കുക. 49-ാം അദ്ധ്യായം മുഴുവൻ പദ്യരൂപത്തിലും 50-ാം അദ്ധ്യായം ഗദ്യ വിവരണവുമാണ്. ഉയർന്നതലത്തിലും ഇതേ സംവിധാനമാണ് എഴുത്തുകാരൻ അവലംബിച്ചിരിക്കുന്നത് എന്നതിന്റെ തെളിവാണിത്. അതുപോലെ മിസ്രയീമിൽ നിന്നുള്ള വിടുതലിന്റെ കഥ അവസാനിക്കുന്നതും മരുഭൂമി യാത്രയുടെ വിവരണവും ശ്രദ്ധിക്കുക. അവിടെയും ഇതേ ഘടനാവിശേഷം വ്യക്തമായി കാണാവുന്നതാണ്. ഉല്പത്തി 1- ആവ 34 വരെ ശ്രദ്ധിക്കുക. ആവ. 32-33 അദ്ധ്യായങ്ങൾ മോശെയുടെ പാട്ടാണ്. 34-ാം അദ്ധ്യായം ഗദ്യവും.

അമിത കൃത്തിപ്പുകാർ പറയുന്നതുപോലെ ഈ പഞ്ചഗ്രന്ഥങ്ങൾ പല നൂറ്റാണ്ടുകൾ കൊണ്ട് പലരാൽ എഴുതപ്പെട്ട് അപ്പഴപ്പോൾ ക്രോഡീകരിക്കപ്പെട്ടിരുന്നു. എങ്കിൽ ഇത്തരം ഒരു സംവിധാനം ഒരിക്കലും സാദ്ധ്യമാകുമായിരുന്നില്ല

അല്പം കൂടെ ശ്രദ്ധിച്ചാൽ പഞ്ചഗ്രന്ഥങ്ങൾ ഒരു പ്രവചന പുസ്തകമായിട്ടാണ് എഴുത്തുകാരൻ ആവിഷ്കരിച്ചിരിക്കുന്നതെന്ന് ഈ ഗദ്യ, പദ്യ, ഗദ്യ സംവിധാനത്തിൽ കാണാവുന്നതാണ്. ഉല്പ. 49:1 “കൂടിവരുവിൻ ഭാവികാലത്ത് സംഭവിക്കാനിരിക്കുന്നത് ഞാൻ അറിയിക്കാം” എന്ന് യാക്കോബു പറയുന്നു. സംഖ്യ. 24:14 ൽ “ഭാവികാലത്ത് ഈ ജനം നിന്റെ ജനത്തോട് എന്ത് ചെയ്യുമെന്ന് ഞാൻ നിന്നെ അറിയിക്കാം” എന്ന് നാം വായിക്കുന്നു. ആവ. 31:28 ൽ “എന്റെ അടുക്കൽ വിളിച്ചു കൂട്ടുവീൻ. . . ഭാവികാലത്ത് നിങ്ങൾക്ക് അനർത്ഥം ഭവിക്കും” എന്ന് മോശെയുടെ വാക്കിലും കാണുന്നു.

വ്യക്തമായ ഉദ്ദേശ്യത്തോടുകൂടി പ്രവചനാത്മാവിൽ ദൈവമനുഷ്യനായ മോശെയാൽ രചിക്കപ്പെട്ടതാണ് പഞ്ചഗ്രന്ഥങ്ങൾ എന്നതിന്റെ തെളിവുകളിൽ ഒന്നു മാത്രമാണ്. പഞ്ചഗ്രന്ഥങ്ങളുടെ ഈ ഘടനാവിശേഷം. ദൈവവചനത്തിന്റെ അമൂല്യതയെ മാനിക്കുവാൻ നമുക്ക് പഠിക്കാം. ദൈവം ആയതിന് കൃപ തരട്ടെ. ●

എല്ലാ ക്രിസ്തു വിശ്വാസികളും ക്രിസ്തുവിന് വേണ്ടിയുള്ള സ്ഥാനാപതികളാണ്. ദൈവം നിരപ്പിന്റെ ശുശ്രൂഷ നമ്മിൽ ഭരമേൽപ്പിക്കുന്നു. (2കൊരി.5:18,19). അതുകൊണ്ട് നാമോരോരുത്തരും സാത്താന്റെ അടിമത്വത്തിൽ കഴിയുന്നവരെ ദൈവത്തോട് നിരപ്പിക്കുന്നവർ ആയിരിക്കണം. (യോഹ.17:18;20:21). ഇതിന്റെ അർത്ഥം ഭൂമിയിൽ നമ്മുടെ പരമപ്രധാനമായ ഉത്തരവാദിത്വം എന്നുള്ളത് സുവിശേഷം അറിയിക്കുന്നതും അനേകരെ ക്രിസ്തു വിശ്വാസത്തിലേക്ക് നയിക്കുന്നവരും ആകണമെന്നുള്ളതാണ്. നാം ദൈവസമാധാനത്തിന്റെ സ്ഥാനാപതികളാണ്. ദൈവം ലോകത്തിൽ യുദ്ധം പ്രഖ്യാപിച്ചിട്ടില്ല എന്നാൽ സമാധാനം പ്രഖ്യാപിച്ചിരിക്കുന്നു. നാം ദൈവത്തിന്റെ സമാധാനം നമ്മുടെ ശത്രുക്കളോട് പറയുന്നവരും അവർ അവരെത്തന്നെ ദൈവസന്നിധിയിൽ കീഴടങ്ങുന്നവർ ആകുന്നതിനുള്ള അവസരം ഒരുക്കുന്നവരും ആകണം (ആവ.20:10-12). കാരണം രാജാധി രാജാവിനാലാണ് ഈ ഉത്തരവാദിത്വം നമ്മിൽ ഭരമേൽപ്പിക്കപെട്ടിരിക്കുന്നത്.

**3. ഒരു സ്ഥാനാപതി തന്റെ ഭരണാധികാരിയേയും ജനങ്ങളേയും പ്രതിനിധികരിക്കുന്നവനാണ്.**

എല്ലാ വിശ്വാസികളും പൂർണ്ണസമയ ക്രസ്തീയ വേലക്കായി വിളിക്കപെട്ടവരല്ല, എന്നാൽ എല്ലാ വിശ്വാസികളും പൂർണ്ണ സമയം ക്രിസ്തീയ ജീവിതത്തിനായി വിളിക്കപെട്ടവരാണ്. നാം ഏതു സാഹചര്യത്തിൽ ആയിരിക്കുന്നു എന്നതല്ല എന്നാൽ ഏതുസാഹചര്യത്തിലും നാം യേശു ക്രസ്തുവിനേയും അവന്റെ സഭയെയും പ്രതിനിധീകരിക്കുന്നു എന്നുള്ളതാണ്. നമ്മുടെ ചുറ്റുപാടുമുള്ള വ്യക്തികൾ സുവിശേഷത്തെപറ്റിയും ദൈവത്തെപറ്റിയും നമ്മിൽ നിന്നും എന്തുകാണുന്നു എന്തുകേൾക്കുന്നു എന്നുള്ളതാണ് പ്രധാനം. എന്നാൽ പരിതാപകരം എന്നു പറയട്ടെ ദൈവത്തിന്റെ സ്ഥാനാപതികളായി ജീവിക്കേണ്ടതിനു പകരം ഇന്ന് പല വിശ്വാസികളും ടൂറിസ്റ്റുകളെപ്പോലെ അഭിനയിക്കുകയാണ്. അവർ ഇന്ന് ക്രൈസ്തവ വിശ്വാസത്തെപ്പറ്റി ലോകത്തിന് തെറ്റായ ഒരു ചിത്രം കൊടുക്കുകയാണ്.

**4. ഒരു സ്ഥാനാപതിക്ക് തന്റേതായ ഒരു സന്ദേശം കൊടുക്കാൻ അധികാരമില്ല.**

ഒരു സ്ഥാനാപതി തന്റെ രാജ്യത്തിന്റെയും ഭരണകർത്താവിന്റെയും സന്ദേശമാണ് കൈമാറേണ്ടത്. നമ്മുടെ ഭരണാധികാരിയായ ദൈവത്താലാണ് ഈ സുവിശേഷ സന്ദേശം നമുക്ക് ലഭിച്ചിരിക്കുന്നത് (1കൊരി.15:1-8). നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാ.1:8). നഷ്ടപ്പെട്ട പാപികളുടെ അടുക്കൽ നാം ചെല്ലുമ്പോൾ നമ്മുടെ അപേക്ഷ എന്നുള്ളത് അവർ ദൈവവുമായി നിരക്കട്ടെ എന്നുള്ളതാകട്ടെ.

**5. ഒരു സ്ഥാനാപതി തന്റെ ഔദ്യോഗിക പദവി തന്റെ ഉയർച്ചക്കോ തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കോ ഉപയോഗിക്കില്ല.**

ഒരു രാജ്യത്തിന്റെ പ്രാധാന്യം അതിന്റെ സ്ഥാനാപതിക്കുണ്ട് എന്നാൽ രാജ്യത്തേക്കാൾ പ്രാധാന്യമില്ല. "ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവ് എന്നും ഞങ്ങളേയോ യേശു നിമിത്തം നിങ്ങളടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്"(2കൊരി.4:5). സന്ദേശത്തേക്കാൾ പ്രാധാന്യം പ്രസംഗിക്കപ്പെടുന്ന വ്യക്തിക്കാണെങ്കിൽ ദുരുപദേശം പ്രചരിക്കുവാൻ ഇടയാകും.

നാം എപ്പോഴും നമ്മുടെ രാജാവിനെ പ്രതിനിധീകരിക്കുന്നവരാണ്. അതുകൊണ്ടുതന്നെ അവൻ എന്ത് പറയുന്നുവോ അത് കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്നവർ ആയിരിക്കേണം. സ്വന്തം ഉയർച്ചയല്ല മറിച്ച് ദൈവനാമം മഹത്വപ്പെടുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

**6. ഒരു സ്ഥാനാപതിയുടെ എല്ലാ ആവശ്യങ്ങളും തന്റെ രാജ്യത്തിന്റെ നിലവാരത്തിൽ നൽകപ്പെടുന്നു.**

ഒരു സ്ഥാനാപതിക്ക് സ്വന്തം രാജ്യത്തിന്റെ നിലവാരത്തിൽ തന്റെ ആവശ്യങ്ങൾ നൽകപ്പെടും. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി.4:19) എന്ന വാക്യത്തിൽ ഇത് വ്യക്തമാണ്. ദൈവം നമ്മുടെ പരിചയാണ് നമ്മുടെ പ്രതിഫലം എന്നുള്ളത് അവന്റെ സംരക്ഷണവും കരുതലുമാണ്. നാം ഈ രാജാവിന്റെ ശുശ്രൂഷയിൽ, അവന്റെ നാമമഹത്വത്തിനായി, അവന്റെ ഹിതമനുസരിച്ച്, നമ്മിൽ ഭരമേല്പിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ തീർച്ചയായും നമ്മുടെ ആവശ്യങ്ങളും നിറവേറ്റപ്പെടും. ദൈവത്തിന്റെ സ്ഥാനാപതികൾ ഒന്നിനെകുറിച്ചും വിചാരണപ്പെടേണ്ട കാര്യമില്ല. കാരണം സ്വർഗ്ഗത്തിലേയും ഭൂമിയിലേയും ഉറവിടങ്ങൾ എല്ലാം തന്നെ അവർക്കായുള്ളതാണ്. മാത്രവുമല്ല, ദൈവത്തിന്റെ സാന്നിധ്യം എല്ലാനാളും അവരോടൊപ്പം ഉണ്ട് (മത്തായി.28:18-20). നാം ക്രിസ്തുവിന്റെ സ്ഥാനാപതികൾ ആണ് എന്നകാര്യം മറന്നുപോകാതെ നമ്മുടെ രാജ്യത്തിന്റെ ഉത്തമ പൗരന്മാരായി ദൈവത്തെ പ്രകീർത്തിക്കാം. ●

# വ്യർത്ഥ സൗന്ദര്യം

കുഞ്ഞമ്മ ചാക്കോ, പള്ളിക്കൽ

***ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും*** (സദൃ. 31:30). സദൃശ്യവാക്യങ്ങളിലെ പ്രധാന അദ്ധ്യായമാണ് 31-ാം അദ്ധ്യായം. സ്ത്രീകളെപ്പറ്റി ഉന്നതമായ ഒരു വീക്ഷണം ഈ അദ്ധ്യായത്തിൽ കാണാം. ആദർശ വനിത, മാതൃകായോഗ്യയായ ഭാര്യ, വിശിഷ്ഠയായ മാതാവ്, ഒരു നല്ല അയൽക്കാരി, സമൂഹത്തിൽ പ്രശംസിക്കപ്പെടുന്ന സഹോദരി എന്നീ നിലകളിൽ സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നു. ഈ നിലയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന സ്ത്രീകൾ പ്രശംസിക്കപ്പെടേണ്ടത് അവരുടെ ബാഹ്യ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലല്ല, ദൈവഭക്തി നിറഞ്ഞ ദൈവവചനപ്രകാരമുള്ള ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ്.

ഈ ആധുനിക കാലഘട്ടത്തിൽ ആഡംഭര പ്രിയരായി സ്ത്രീകൾ മാറിക്കൊണ്ടിരിക്കുകയാണ്. കൃത്രിമ സൗന്ദര്യ വർദ്ധക സാധനങ്ങളും ആഭരണങ്ങളും അവർ അമിതമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അനേകരുടേയും യാത്ര ഇന്ന് പാപ വഴികളിലൂടെയാണ്. സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക: ***അകൃത്യം നിമിത്തം ദൈവം മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുമ്പോൾ നീ അവന്റെ സൗന്ദര്യത്തെ പുഴു പോലെ ക്ഷയിപ്പിക്കുന്നു*** (39:11). മനുഷ്യന്റെ രൂപം ഇല്ലാതെയാകും എന്ന് സങ്കീ. 49:14-ലും കാണുന്നു. സീയോൻ പുത്രിമാരുടെ കൃത്രിമ അലങ്കാരത്തിന്മേൽ ദൈവിക ന്യായവിധി വരും എന്ന് യെശയ്യാവിലൂടെ ദൈവം മുന്നറിയിപ്പ് നൽകിയിരുന്നു (3:16-26). ദൈവം യിരെമ്യാവിലൂടെ യെഹൂദ്യയെ ഓർപ്പിക്കുന്നത്, നീ രക്താംബരം ധരിച്ചിരുന്നാലും പൊന്നാഭരണം അണിഞ്ഞാലും നിന്റെ കണ്ണിൽ മഷി എഴുതിയാലും വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു (4:30). ആഭരണം അണിഞ്ഞതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് യെഹ. 7:19-21 വരെയും രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്രിമമായ അലങ്കാരത്തെ പുതിയനിയമ എഴുത്തുകാരും വ്യക്തമായി വിലക്കിയിട്ടുമുണ്ട് (1 തിമൊ. 2:8; 1 പത്രൊസ് 3:3-6).

നമ്മുടെ സഹോദരിമാരുടെ കൂട്ടത്തിൽ ബഹുഭൂരിപക്ഷവും ആഭരണം അണിയുന്നില്ല എങ്കിലും ആഡംബരങ്ങൾക്കായിട്ടും വിലകൂടിയ വസ്ത്രങ്ങൾക്കായിട്ടും ധാരാളം പണം ചിലവഴിക്കുന്നവർ അനേകരാണ്. ഇതും ഒഴിവാക്കേണ്ടതാണ്. പട്ടിണിയിലും വ്യത്യസ്ത ആവശ്യങ്ങളിലും കഴിയുന്ന എത്ര എത്ര സഹോദരിമാരും കുടുംബങ്ങളുമാണ് നമ്മുടെ ചുറ്റുമുള്ളത്. ധാരാളം പണമുള്ളവർ ഇങ്ങനെയുള്ളവരെ സഹായിക്കാൻ ഒന്ന് മനസ്സു വെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ സഭയാകുന്ന മണവാട്ടിയുടെ അലങ്കാരം ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രമാണ്. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാണ് (വെളി. 19:8). ഈ ലോകത്തിന്റെ അലങ്കാരങ്ങൾ നശിക്കുമ്പോൾ നശിക്കാത്തതായ, ഏറിയ പ്രതിഫലം നമുക്കു നേടിത്തരുന്ന, സൽപ്രവൃത്തികളാൽ നമുക്ക് നമ്മെ അലങ്കരിക്കാം (1 തിമൊ. 2:10).

യുവത്വം നിലനിർത്തുവാനും സൗന്ദര്യവർദ്ധനവിനും മുടി കറുപ്പിക്കുന്നതിനും ഒക്കെ പ്രായഭേദമെന്യേ ഇന്ന് സഹോദരിമാർ മത്സരിക്കയല്ലേ. സഭയിൽ വരുമ്പോൾ ദൈവമക്കൾക്കു യോജിച്ച നിലയിലും സഭയ്ക്കു പുറത്ത് ലോകത്തിന് യോജിച്ച നിലയിലും ജീവിക്കുന്ന സഹോദരിമാർ ഈ കാലയളവിൽ വർദ്ധിച്ചു വരികയാണ്. പ്രിയ സഹോദരിമാരേ, മനുഷ്യരുടെ മുമ്പിൽ പലതും നമുക്ക് മറെയ്ക്കാൻ കഴിയും. നാം ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും അറിയുന്ന, നമ്മുടെ നിരൂപണം ദൂരത്തുനിന്ന് ഗ്രഹിക്കുന്ന, നമ്മുടെ നടപ്പും കിടപ്പും ശോധന ചെയ്യുന്ന (സങ്കീ. 139:1,2) ജീവനുള്ള ദൈവത്തിന്റെ മുമ്പിൽ നമുക്ക് ഒന്നുംതന്നെ മറെയ്ക്കാൻ കഴിയുകയില്ല എന്ന സത്യം, സഹോദരിമാരേ, നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്.

നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വിലയേറിയ വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രൊസ് 3:3,4). വ്യർത്ഥമായ ബാഹ്യസൗന്ദരിത്തിനു പ്രാധാന്യം നൽകാതെ ആന്തരീകമായ ആത്മീയ സൗന്ദര്യത്തിനു പ്രാധാന്യം നൽകി ജീവിക്കുന്നതിന് അനുവാചകരായ എല്ലാ സഹോദരിമാരെയും ദൈവം സഹായിക്കട്ടെ. ●

## വിലാസമാറ്റം

**പാലക്കാട്** : സുവി. സി.പി. ജോഫി ഇരിങ്ങാലക്കുടയിൽ നിന്ന് പാലക്കാട് ജില്ലയിൽ നെന്മാറയ്ക്ക് അടുത്ത് കരിമ്പാറയിൽ കഴിഞ്ഞ ഒരു വർഷമായി കുടുംബമായി താമസിച്ചു പ്രവർത്തിച്ചുവരുന്നു. വിലാസം Evg. C.P. Jophy, Brethren Gospel Home, Chettikulambu - Karimpara, Kairady P.O, Palakkad - 678510, Ph: 9447233752

# മടങ്ങി വരവ്

കെ.വി. ജോൺ, തിരുവല്ല

"ആകാശത്തിലെ പെരുഞാറ തന്റെ കാലം അറിയുന്നു. കുറുപ്രാവും മീവൽപക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു. എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല" (യിരെ. 8:7).

മനസാന്തരത്തിന് മാറ്റമില്ലാത്ത വചനത്തിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദമാണ് 'മടങ്ങി വരിക' എന്നത്. പഴയനിയമത്തിൽ (എബ്രായ ഭാഷ) (Shub) എന്ന വാക്കാണ് കാണുന്നത്. അകർമ്മക (intransitive) മായും സകർമ്മകമായും (transitive) പ്രസ്തുത വാക്ക് ഉപയോഗിച്ചു കാണുന്നു. അകർമ്മക പ്രയോഗത്തിൽ മടങ്ങിവരിക (അതായത് പരപ്രേരണ കൂടാതെ സ്വയം ചെയ്യുന്ന പ്രവൃത്തി എന്നർത്ഥം) എന്നും സകർമ്മകത്തിൽ മടക്കി വരുത്തുക (അതായത് മറ്റൊരാളുടെ പ്രേരണ ഹേതുവായി ചെയ്യുന്ന പ്രവൃത്തി) എന്നും 2 വിധത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ഈ 2 പ്രയോഗങ്ങളും ചേർന്നു വന്നിരിക്കുന്ന ഒരു ഭാഗമാണ് യിരെ. 31: 18 – 20 വരെയുള്ള വാക്യങ്ങൾ. എഫ്രയീമിന്റെ വിലാപത്തെക്കുറിച്ച് യഹോവയായ ദൈവം അരുളിച്ചെയ്തിരിക്കുന്ന അതിശ്രദ്ധേയമായ ഒരു ഭാഗമാണിത്. അത് താഴെ കുറിക്കുന്നു.

"നീ എന്നെ ശിക്ഷിച്ചു, മരുക്കമില്ലാത്ത കാളക്കുട്ടിയെപ്പോലെ ഞാൻ ശിക്ഷ പ്രാപിച്ചിരിക്കുന്നു; ഞാൻ മടങ്ങി വരേണ്ടതിന് എന്നെ മടക്കി വരുത്തേണമേ; നീ എന്റെ ദൈവമായ യഹോവയല്ലോ. ഞാൻ തെറ്റിപ്പോയ ശേഷം അനുതപിച്ചും ഉപദേശം ലഭിച്ചശേഷം തുടമേൽ അടിച്ചു നാണിച്ചും ലജ്ജിച്ചുമിരിക്കുന്നു; എന്റെ യവ്വനത്തിലെ നിന്ദയല്ലോ ഞാൻ വഹിക്കുന്നത് എന്നിങ്ങനെ എഫ്രയീം വിലപിക്കുന്നത് ഞാൻ നല്ലവണ്ണം കേട്ടിരിക്കുന്നു. എഫ്രയീം എന്റെ വാത്സല്യ പുത്രനോ ഓമനക്കുട്ടിയോ? ഞാൻ അവന് വിരോധമായി സംസാരിക്കുമ്പോഴൊക്കെയും അവനെക്കുറിച്ച് എന്റെ മനസ്സിൽ സ്ഥായി തോന്നുന്നു; അതുകൊണ്ട് എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകുന്നു. ഞാൻ അവനോട് കരുണ കാണിക്കും എന്ന് യഹോവയുടെ അരുളപ്പാട്" ഇവിടെ എഫ്രയീം എന്നു പറയുന്നത് യിസ്രായേൽ ജനത്തെ മൊത്തത്തിൽ ഉദ്ദേശിച്ചാണ്.

മടങ്ങി വരേണ്ടതിന്റെ ആവശ്യകത എപ്പോഴാണ് ഉദിക്കുന്നത് എന്ന് ചോദിച്ചാൽ അതിന്റെ മറുപടി വചനത്തിൽ തന്നെയുണ്ട്.

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഒരുത്തൻ വീണാൽ എഴുന്നേൽക്കില്ലയോ? ഒരുത്തൻ വഴിതെറ്റിപ്പോയാൽ മടങ്ങിവരികയില്ലയോ? യെരുശലേമിലെ ഈ ജനമോ ഇടവിടാതെ പിന്മാറ്റമായി പിന്മാറിയിരിക്കുന്നതും വഞ്ചന മുറുകെ പിടിച്ചുകൊണ്ട് മടങ്ങിവരുവാൻ മനസ്സില്ലാതിരിക്കുന്നതും എന്ത്?" (യിരെ 8:4,5).

'മാനസാന്തരം അഥവാ മടങ്ങിവരവ് രക്ഷിക്കപ്പെടാത്തവർക്കല്ലേ ആവശ്യം' എന്ന് ഒരു പക്ഷേ ചിലർ ചോദിച്ചേക്കാം. രക്ഷയുടെ അനുഭവത്തിലേക്ക് വരുവാൻ മാനസാന്തരം ആവശ്യം തന്നെ. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നു പറഞ്ഞാണ് സ്നാപക യോഹന്നാൻ" തന്റെ പ്രസംഗം ആരംഭിച്ചിരിക്കുന്നത് (മത്തായി 3:1). യോഹന്നാൻ തടവിലായ ശേഷം യേശു ഗലീലയിൽച്ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതും അങ്ങനെ തന്നെ. "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പീൻ" (മർക്കൊസ് 1:14). " ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു'' (റോമർ 3:23) എന്ന യാഥാർത്ഥ്യം മനസ്സിലാക്കി തന്റെ പാപത്തിനു പരിഹാരമായി, പാപം ചെയ്യാത്ത (1 പത്രൊസ് 2:22) പാപം അറിയാത്ത (2 കൊരി. 5:21) നീതിമാനായ യേശു പാപത്തിന്റെ ശിക്ഷ ഏറ്റുവാങ്ങി ക്രൂശിൽ മരിച്ച് തന്റെ പാപത്തിന് പ്രായ്ചിത്തമായിത്തീർന്നു എന്നു വിശ്വസിച്ച് യേശുരക്ഷിതാവിനെ തന്റെ കർത്താവും ദൈവവുമായി സ്വഹൃദയത്തിൽ കൈക്കൊള്ളുന്നവൻ രക്ഷിക്കപ്പെടുന്നു. സകലരും മാനസാന്തരപ്പെടണമെന്നുള്ളതാണ് സർവ്വവല്ലഭനായ ദൈവത്തിന്റെ കല്പന. "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കല്പിക്കുന്നു" (അ.പ്ര. 17:30)

എന്നാൽ രക്ഷിക്കപ്പെട്ട ഒരുവൻ വഴിതെറ്റിപ്പോകാനോ വീണുപോകാനോ അതായത് വീണ്ടും പാപം ചെയ്ത് രക്ഷയുടെ സന്തോഷം നശിപ്പിച്ച് എഫ്രയീമിനെപ്പോലെ നാണിച്ചും ലജ്ജിച്ചും നിന്ദിതനായിത്തീരുവാനുള്ള സാദ്ധ്യതയുണ്ട്. പിന്മാറ്റത്തിൽ പോയവനെക്കുറിച്ച് തന്റെ ഉള്ളം ഉരുകുന്നു എന്നാണ് ദൈവം പറയുന്നത്. ദൈവത്തിന്റെ ന്യായം അവൻ മടങ്ങി വരണം എന്നു തന്നെയാണ്. കരുണ കാണിപ്പാൻ മനസ്സുള്ള ദൈവം തന്റെ കരുണയുടെ കരങ്ങൾ അവന്റെ നേരെ നീട്ടി കാത്തിരിക്കുന്നു. മടങ്ങിവരവിന് 2 ഉപാധികളാണ് തിരുവെഴുത്തിൽ കാണുന്നത്. ഒന്നാമത്തേത് വഴിതെറ്റിപ്പോയെന്നും വീണുപോയെന്നുമുള്ള യാഥാർത്ഥ്യം അവൻ അറിയണം. അംഗീകരിക്കണം. രണ്ടാമത്തേത് മടങ്ങിവരാൻ മനസ്സു വെക്കണം.

# മി. പി.കെ. മാത്യൂസ് തീരമണഞ്ഞു

പോൾ കെ. രാമകൃഷ്ണൻ

1980 കളുടെ മദ്ധ്യത്തിൽ മി.പി.കെ. മാത്യൂസിന്റെ ഭവനാങ്കണത്തിൽ ഏകദിന സുവിശേഷ പ്രവർത്തനം നടന്നു. വചന ശുശ്രൂഷ ചെയ്തത് ഈ ലേഖകനായിരുന്നു. അന്നായിരുന്നു പി.കെ. മാത്യൂസ് സാറിനെ ആദ്യമായി കണ്ടതും പരിചയപ്പെടുന്നതും.

ഇക്കഴിഞ്ഞ 2009 ജനു. 15–ന് തന്റെ 88–ാമത്തെ വയസ്സിൽ മരണം പി.കെ.മാത്യൂസ് സാറിന്റെ വാതിൽക്കൽ മുട്ടി. താൻ നിർഭയനായി വാതിൽ തുറന്നു. കൃതജ്ഞതയോടെ മഹത്വത്തിലേക്ക് കരേറിച്ചെന്നു. സുവിശേഷത്തിന്റെ വ്യാപനത്തിൽ എരിയുന്ന അഭിവാഞ്ഛയുള്ള അപൂർവ്വ പ്രതിഭ. പുതിയ നിയമോപദേശ സത്യങ്ങളിൽ ഒരു വിട്ടു വീഴ്ചക്കും തയ്യാറാകാത്ത യാഥാസ്ഥിതികൻ. അനുഗ്രഹീതനായ എഴുത്തുകാരൻ, അനുഭവങ്ങളുടെ അഗ്നിമുഖങ്ങളെ നെഞ്ചേറ്റിയ അചഞ്ചലൻ, മദ്ധ്യതമിഴ്നാട്ടിലെ ബ്രദ്റൺ തറവാട്ടിലെ ഒരു കാരണവൻ, സുവിശേഷകൻ, ബാലസംഘത്തിന്റെ ജ്യേഷ്ഠൻ. ഈ ദൃശം വിവിധ വിശേഷണങ്ങൾക്ക് അർഹനായ കർത്തൃശ്രേഷ്ഠൻ പി.കെ. മാത്യു സാർ. ഏറെനാളായി കാണ്മാൻ ആശയായി... കാത്തിരുന്ന തന്റെ പ്രിയന്റെ സവിധത്തിലെത്തി. അതെ! ഞാൻ തിരഞ്ഞെടുത്ത ശുഭ തുറമുഖത്തിന്റെ തീരം അണഞ്ഞു.

എം.ഇ. ചെറിയാൻ സാർ മധുരയിൽ ചെല്ലുന്നതിനും ഒരാണ്ടിനു മുമ്പെ മധുരയിലെ ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റിലെ ഒരു ജോലിയുമായി ബന്ധപ്പെട്ട് മി. പി.കെ.എം. 1942–ൽ ആ ക്ഷേത്ര നഗരിയിൽ എത്തി. അന്ന് തനിക്ക് അവിടെ അപരിചിതനായ ഒരു കൂട്ടു വിശ്വാസി ഇംപീരിയൽ ബാങ്കിൽ ജോലിയുള്ള ഒരു ബെൻ തോമസ് ആയിരുന്നു. അക്കാലത്ത് മധുരയിൽ ബ്രദ്റൺ സഭാകൂടിവരവൊന്നും ഉണ്ടായിരുന്നില്ല. ഒരു വേർപെട്ട വിശ്വാസിയായിരുന്ന, ഇവിടുത്തെ ഈ പ്രതിപാദ്യ പുരുഷൻ ഞായറാഴ്ചകളിൽ ഒരു കൂട്ടായ്മയുമില്ലാതെ വീട്ടിൽ കഴിഞ്ഞു കൂടുന്നതിൽ വിമുഖനായിരുന്നു. അതുകൊണ്ടു മാത്രം അവിടുള്ള ഒരു പെന്തക്കൊസ്തു കൂടിവരവിൽ സംബന്ധിച്ചു പോന്നു. എന്നുവരികിലും തനിക്കത് അലരി വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന ബാബേൽ പ്രവാസികളുടെ അനുഭവമായിരുന്നു.

മധുരയിൽ ഒരു ബ്രദ്റൺ സഭാകൂടിവരവിനെക്കുറിച്ചുള്ള ഒരു വിഷൻ തന്റെ ഹൃത്തടത്തിൽ നാമ്പിട്ടിരുന്നു. താൻ അക്കാര്യം പുനലൂർ ചാക്കോച്ചൻ ഉപദേശിയെ എഴുതി അറിയിച്ചു. പ്രതിപാദ്യ പുരുഷന്റെ അങ്കിൾ (ഉപ്പാപ്പൻ) കൂടിയായ മൂന്നാറിലെ യോനാച്ചൻ ഉപദേശിയെയും ഇംഗിതം അറിയിച്ചു. ആയിടയ്ക്ക് കുറിയന്നൂർ താന്നിക്കപ്പുറത്തൂട്ട് കുഞ്ഞച്ചൻ ഉപദേശിയുടെ സീമന്തപുത്രനായ ഒരു കൊച്ചുസാർ തന്റെ അദ്ധ്യാപകവൃത്തി വിട്ട് തമിഴ്നാട്ടിലെവിടെയെങ്കിലും പ്രേഷിതവൃത്തിക്കുപോ

---

പിന്മാറ്റ ജീവത്തിലുണ്ടാകുന്ന തിക്താനുഭവങ്ങളിലൂടെ സ്വയം അത് ഗ്രഹിക്കണം. അല്ലെങ്കിൽ ദൈവവചന വായനയിലൂടെയോ മറ്റുള്ളവരിൽ നിന്നുലഭിക്കുന്ന പ്രബോധനങ്ങളിലൂടെയോ ഉപദേശങ്ങളിലൂടെയോ അറിയണം. മനസ്സു വെക്കണം, മടങ്ങി വരണം.

മാനസാന്തരപ്പെടാത്തവരെക്കുറിച്ച് കർത്താവ് വളരെ ശക്തമായ ഭാഷയിലാണ് പ്രതികരിച്ച് മുന്നറിയിപ്പ് തന്നിട്ടുള്ളതെന്ന് ലൂക്കൊസ് 13:1–5 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ മനസ്സിലാകും. പ്രസ്തുത ഭാഗം നോക്കുക.

“ആ സമയത്ത് തന്നേ അവിടെയുണ്ടായിരുന്ന ചിലർ പീലാത്തോസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോട് കലർത്തിയ വർത്തമാനം അവനോട് (യേശുവിനോട്) അറിയിച്ചു. അതിന് അവൻ ഉത്തരം പറഞ്ഞത്. ആ ഗലീലക്കാർ ഇത് അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്ക് തോന്നുന്നുവോ? അല്ലല്ല മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ല ശീലോഹാമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടുപേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ലല്ല മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ആകയാൽ പുതിയ വർഷത്തിലെ ഒരു പുതിയ അനുഭവമായി കണക്കാക്കിയും “നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു” (1 യോഹ. 1:8) എന്നുള്ള ദൈവിക പ്രമാണത്തിന്റെ അടിസ്ഥാനത്തിലും ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവന്റെ ആജ്ഞ അനുസരിച്ചും “ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്‌വാൻ” എല്ലാ വിശ്വാസികൾക്കും സംഗതിയാകട്ടെ.

“യഹോവേ ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ” ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം തരണമെ. (വിലാ. 5:21). ●

കാനുള്ള അടങ്ങാത്ത ആവേശവുമായി കഴിയുകയായിരുന്നു. മധുരയിലെ പ്രവർത്തനത്തിന് വേർതിരിയേണ്ട ഒരു സുവിശേഷകന്റെ ആവശ്യത്തെയും തമിഴ്നാട്ടിലെ പ്രവർത്തനത്തിനായി വേർതിരിഞ്ഞ് ദൈവിക സമയവാപിനിയിൽ മിഴിയും നട്ടിരിക്കുന്ന കൊച്ചുസാറിന്റെ ആവേശത്തെയും നന്നായറിയുന്ന പുനലൂർ ചാക്കോച്ചൻ കൊച്ചുസാറിനെയും കൂട്ടിക്കൊണ്ട് മധുരയിൽ വന്നെത്താമെന്ന് മി.പി.കെ.എം.മ്മിന് മറുകുറിപ്പെഴുതി. ഈ കൊച്ചുസാറാണ് പിൽക്കാലത്ത് പ്രശസ്തനും വലിയസാറുമായി ശോഭിച്ച എം.ഇ. ചെറിയാൻ. പുനലൂർ മത്തായി (കൊച്ചുമത്തായിച്ചൻ) എന്നിവർ മധുരയിൽ വന്നെത്തി. 15 ദിവസത്തിനു ശേഷം പുനലൂർ ചാക്കോച്ചൻ ഉപദേശി കെ.ജി. കുര്യച്ചൻ, എം.ഇ. ചെറിയാൻ, പുനലൂർ മത്തായി (കൊച്ചു മത്തായിച്ചൻ) എന്നിവർ മധുരയിൽ വന്നെത്തി. മി.സി.കെ. ജോൺ മൂന്നാറിൽ നിന്നും മധുരയിൽ വന്നെത്തി. ഇവരിൽ യോനാച്ചൻ ഉപദേശിക്കും കൊച്ചുമത്തായിച്ചനും മാത്രമായിരുന്നു തമിഴാളം വശമുള്ളത്. ഈ 'മധുര ഗോസ്പൽ ടീം' ക്ഷേത്രനഗരിയുടെ തലങ്ങും വിലങ്ങും നടന്ന് സുവിശേഷം വിളിച്ചറിയിച്ചും ഈവണ്ണം സുവിശേഷം അറിയിക്കുന്നതിനിടയ്ക്ക് വന്ന ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിൽ യോനാച്ചൻ ഉപദേശിയുടെ പരിചിതനായ ഒരു വസ്ത്ര വ്യാപാരിയും മാർത്തോമ്മാക്കാരനുമായ ഒരു അബ്രഹാമിന്റെ വീടിന്റെ ഇടുങ്ങിയ വരാന്തയിൽ വച്ചായിരുന്നു മധുരയിലെ പ്രഥമ ബ്രദ്റൺ സഭായോഗം നടന്നത്. പ്രസ്തുത സഭായോഗത്തിൽ കർത്തൃദാസന്മാരായ പി.ഐ. ചാക്കോ, കെ.ജി. കുര്യച്ചൻ, സി.കെ. ജോൺ, എം. ഇ. ചെറിയാൻ, പുനലൂർ മത്തായി എന്നിവരെക്കൂടാതെ ബെൻതോമസും മറ്റിരുവരും നമ്മുടെ സ്മര്യപുരുഷനും ഉൾപ്പെടെ 9 പേർ സംബന്ധിച്ചു. മി. പി.കെ.എം. തന്നെയായിരുന്നു ആദ്യ സഭായോഗത്തിന് നേതൃത്വം നൽകിയത്. ഈ പയോനിയർ വർക്കിനു ശേഷം 1943 ഒക്ടോ. 16 നായിരുന്നു മി. ചെറിയാൻ സാർ ഭാര്യാസമേതം പുനലൂരിൽ നിന്നും മധുരയിലേക്ക് വണ്ടികയറിയത്. ഒപ്പം കൊച്ചുമത്തായിച്ചനും കുടുംബവും.

അന്ന് നമ്മുടെ സ്മര്യ പുരുഷന്റെ പ്രതിമാസ ശമ്പളം 55 രൂപാ മാത്രം. രണ്ടാംലോകമഹായുദ്ധം മുഖാന്തിരം രൂക്ഷമായ ക്ഷാമം സകലരെയും അലട്ടിയിരുന്നു. അപ്പോഴും മി. പി.കെ.എം. ദശാംശവും അതിലുപരിയും കർത്തൃവേലയ്ക്കു വേണ്ടിവേർതിരിച്ചിരുന്നുവെന്നത് ശ്രദ്ധേയവും അനുകരണീയവും തന്നെ.

സുവിശേഷകൻ മാസികയുടെ ആദ്യാക്ഷരം കുറിക്കുന്ന നാൾ മുതൽക്കേ മാത്യു സാർ ഒപ്പമുണ്ടായിരുന്നു. മി. പി.കെ.എമ്മിന്റെ വിരൽത്തുമ്പിലൂടെ വിരചിതമായ ഈടുറ്റ ലേഖനങ്ങൾ നിരവധിയാണ്. അവയെല്ലാം പഠനാർഹവും അർത്ഥപുഷ്ടിയും ആശയഗാംഭീര്യവും ലാളിത്യവും കൊണ്ട് വായനക്കാരുടെ ഇഷ്ടലേഖനങ്ങളായിരുന്നു.

1983-1984 കാലയളവിൽ തന്റെ സഹധർമ്മിണി അമ്മിണി മാത്യൂസ് കിഡ്നി സംബന്ധമായ രോഗങ്ങളാൽ വെല്ലൂരിലും മറ്റുമായി ചികിത്സയിൽ കഴിഞ്ഞു. ഒടുവിലായി വെല്ലൂർ മെഡിക്കൽകോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന്റെ 15-ാം ദിവസം പ്രിയപ്പെട്ടവൾ മഹത്വത്തിൽ ചേർക്കപ്പെട്ടു. ആ പിന്നണിയിൽ 1987 ഒക്ടോ.ൽ 'അവൻ നിങ്ങൾക്കു മുമ്പെ പോകുന്നു' എന്ന തലക്കുറിയിൽ താനെഴുതിയ ലേഖനം, അനേക വ്രണിത ഹൃദയസ്ഥരെ ധൈര്യപ്പെടുത്തുവാനും പ്രത്യാശയിൽ ഉറപ്പിക്കുവാനും മതിയായ ചിന്തകളോടുകൂടിയതായിരുന്നു.

അനേകരുടെ ഹൃദയങ്ങളുടെ ആഴത്തിൽ സ്നേഹത്തിന്റെ പ്രഹരമേല്പിച്ചുകൊണ്ട് ഏവർക്കും പ്രിയങ്കരനും തന്റെ മിത്രങ്ങളുടെ കുഞ്ഞച്ചായനുമായ ആ മഹാപ്രതിഭ കടന്നുപോയി. പറുദീസയിലേക്ക് പറന്നു പോയി. കർതൃകാഹളം ധ്വനിക്കുവാൻ കാലവിളംബം നേരിട്ടാൽ, താമസമെന്യെ ഞാനും പറുദീസയിൽ പ്രവേശിക്കും. പ്രസ്തുത പ്രത്യാശയുടെ ചിന്തകൾ ഈ ലേഖകന്റെ ഈറനണിഞ്ഞ നയനങ്ങളെ തുടയ്ക്കുന്നു. തീരമണഞ്ഞ ധീരയോദ്ധാവേ... പുറകാലെ ഈ ലേഖകനും പറന്നെത്തുന്നുണ്ട്. ഇനിയത്തെ സംഗമം അവിടെയാണ്.... ആമേൻ! ●

## രോഗി

**വാളക്കുഴി :** ഉന്നത്താനി ബ്രദറൺ സഭാംഗവും ആലപ്ര ബ്രദ്റൺ സഭാ സുവിശേഷകനുമായ സഹോ. ഷാജൻ റ്റി.വി.യുടെ ഭാര്യ പ്രസവാനന്തരം മസ്തിഷ്കത്തിൽ രക്തസ്രാവമുണ്ടായി ഇപ്പോൾ വൈക്കം ഇൻഡോ അമേരിക്കൻ ഹോസ്പിറ്റലിൽ ഐ.സി.യു.വിൽ ആണ്. ഒരാൺകുട്ടിയും 2 പെൺകുട്ടികളുമാണുള്ളത്. ഇളയ കുട്ടിക്ക് ഒരാഴ്ച പ്രായം മാത്രമേയുള്ളൂ. വളരെ ചെലവേറിയ ചികിത്സയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടിൽ കഴിയുന്ന സഹോദരൻ താല്ക്കാലിക ഷെഡിലാണ് താമസിക്കുന്നത്. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. വിലാസം ഷാജൻ റ്റി.വി., തെങ്ങടയിൽ വീട്, വാളക്കുഴി പി.ഒ., വെണ്ണിക്കുളം, 689544. എന്ന് എം.ജെ. മാത്യു, തങ്കച്ചൻ കാലേബ്, സുവി. സ്കറിയ ജോൺ.

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം. 102-ഉത്തരം (തുടർച്ച)

VIII. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചാലുള്ള ഫലം എന്ത്?

ഉത്തരം : 1. പത്രൊ.4:13 ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചാൽ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

ഒ.വാ. (1) 1 പത്രോ. 4:14 ക്രസ്തുവിന്റെ നാമം നിമിത്തം നിന്ദ സഹിക്കേണ്ടി വന്നാൽ ഭാഗ്യവാന്മാർ

(2) 1 പത്രോ. 1:7. വിശ്വാസത്തിന്റെ പരിശോധന പൊന്നിനേക്കാൾ വിലയേറിയതെന്ന് ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ ഇടവരും.

(3) റോമ. 8:17 നാം അവനോടു കൂടെ കഷ്ടം സഹിച്ചാൽ കൂടെ തേജസ്കരിക്കപ്പെടും.

(4) 2 തിമൊ. 2:11 നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും. സഹിക്കുന്നു എങ്കിൽ കൂടെ വാഴും.

(5) 2 കൊരി. 4:17 നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.

കൂടാതെ: ലൂ. 6:22-23, മത്താ. 5:11-12, പ്രവൃ. 5:41, യാക്കോ 1:2 എന്നിവയും കാണുക.

IX. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം ഞങ്ങൾക്ക് എന്ത്, എത്രത്തോളം കിട്ടുവാൻ കാരണമാകുന്നു?

ഉത്തരം : 2 കൊരി. 4:17 നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.

ഒ.വാ. (1) റോമ. 8:18 നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ലെന്ന് എണ്ണുന്നു.

(2) 1 പത്രോസ് 5:10 അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വ കൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും.

(3) വെളി. 2:10 മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.

X. പുതിയ ആകാശത്തിൽ വിശുദ്ധന്മാരോടുകൂടെ ആരുണ്ടായിരിക്കും?

ഉത്തരം : വെളി. 21:2-3. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരും.... മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടു കൂടെ വസിക്കും.

a. അവരുടെ കണ്ണുനീർ തുടച്ചുകളയുന്നത് ആര്?

വെളി. 7:17, 21:4 അവൻ (ദൈവം) അവരുടെ കണ്ണിൽനിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും (യെശ. 25:8, സെഖ. 2:10)

b. അവിടത്തെ നാല് അനുഭവങ്ങൾ :-

വെളി. 21:5 **മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല.**

c. വിശുദ്ധന്മാർ എന്നെന്നേക്കും ആരായിരിക്കും?

ഉത്തരം : വെളി 22:5 **വിശുദ്ധന്മാർ എന്നേക്കും രാജാക്കന്മാരായിരിക്കും**

d. വേഗം വരുന്ന കർത്താവിന്റെ പക്കൽ എത്രമാത്രം പ്രതിഫലം ഉണ്ട്?

ഉത്തരം : വെളി. 22:12 **ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ (കർത്താവിന്റെ) പക്കലുണ്ട്.**

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം. 104-ചോദ്യം

**വിഷയം** : **യഹോവ നമ്മെക്കുറിച്ച് അറിയുന്ന കാര്യങ്ങൾ**

**വായനഭാഗം** : ആവ. 31, 1 ദിന 28, സങ്കീ. 44, 139 (രണ്ട് ഉത്തരം) യിര. 17, പ്രവൃ.1

ചോദ്യം I. യഹോവ മനുഷ്യരുടെ നിരൂപണങ്ങളെ അറിയുന്നത് എന്ന്?

II. സകല ഹൃദയങ്ങളെയും അറിയുന്നത് ആര്?

III. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൂരത്തുനിന്ന് ആര് അറിയുന്നു?

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ലംതാപുട് :** 6 മാസ ബൈബിൾ ട്രെയിനിംഗ് 14-12-08 ൽ സമാപിച്ചു. 23 സഹോദരന്മാർ പഠനം പൂർത്തിയാക്കി അവരുടെ ഗ്രാമങ്ങളിലേക്ക് മടങ്ങിയിരിക്കുന്നു. അവരെ പ്രാർത്ഥനയിൽ വഹിക്കുക. പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു. ഇപ്പോഴത്തെ ഒറീസയിലെ സാഹചര്യമനുസരിച്ച് പരസ്യപ്രവർത്തനത്തേക്കാൾ വ്യക്തിഗത പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ട് ഈരണ്ടു സഹോദരന്മാർ വീതം തിരിഞ്ഞ് പ്രവർത്തിച്ചു വരുന്നു. ഫെബ്രു. 2 മുതൽ "ചിത്രകൊണ്ട" എന്ന ഉൾപ്രദേശത്ത് സുവിശേഷവുമായി കടന്നുപോകുവാൻ സഭ തീരുമാനിച്ചിരിക്കുന്നു. വാഹനങ്ങൾക്കുപോലും കടന്നുചെല്ലുവാൻ കഴിയാത്ത വയലും കുന്നും തടാകങ്ങളുമുള്ള കാട്ടു പ്രദേശമാണിത്. നൂറിലധികം ഗ്രാമങ്ങളിലായി 6000 ത്തിലധികം ആദിവാസികൾ പാർക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സാമ്പത്തീക സഹായവും ആവശ്യമാണ്. എന്ന് Laxmikant Mandal, Solemon Sobar, K,C. Thomas.

**ചെന്നൈ** : സഹോ. ടി.ഇ. ഈശോ കർത്താവിന്റെ മഹത്വമാർന്ന സുവിശേഷപോരാട്ടത്തിൽ 50 വർഷം പിന്നിട്ടു. 2008 ഡിസം. 13 ന് കൂടിയ പ്രത്യേക യോഗത്തിൽ ടി. ഇ. ഈശോ എഴുതിയ 10-ാമത്തെ ഗ്രന്ഥമായ "അദ്ധ്വാനത്തിന് ഒത്ത കൂലി അഥവാ പ്രതിഫലം" എന്ന പുസ്തകത്തിന്റെ പ്രഥമ കോപ്പി ജെയിംസ് ചെറിയാൻ, സുവി. ഒ.വി. പൗലൊസിന് നൽകി പ്രകാശനം നിർവ്വഹിച്ചു. സഹോ. ഈശോ തന്റെ സാക്ഷ്യം പറഞ്ഞു. പല സഹോദരന്മാരും അനുമോദന പ്രസംഗങ്ങൾ ചെയ്തു. എ.വി. മാത്യു, കോശി സഖറിയ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിച്ചു. (T.E.E.)

**കൈതക്കോട്** : കൈതക്കോട് എബനേസർ ബ്രദറൺ സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷ ഡിസം. 20 ന് നടത്തുവാൻ ദൈവം കൃപ ചെയ്തു. ഡോ.പി.വി. തമ്പി സ്തോത്ര ശുശ്രൂഷ നിർവ്വഹിച്ചു. സഭാഹാൾ നിർമ്മാണ ആവശ്യത്തിലേക്കായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ സഭകളോടും വ്യക്തികളോടും ഞങ്ങൾക്കുള്ള നന്ദി അറിയിക്കുന്നു. ശേഷിക്കുന്ന ബാദ്ധ്യതകളുടെ പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യണമേ! എന്ന് സഭയ്ക്കുവേണ്ടി റെജി ജോർജ്ജ്, രാജൻ തോമസ്, കെ.ജി. മനോഹരൻ. വിലാസം Eben Ezer Brethren Assembly, K.G. Manoharan, Kaithacodu P.O., Kundra (Via), Kollam - 691543. Account No. 6472.

**Y.M.E.F.**-ന്റെ പ്രവർത്തനത്തിന് ഒക്ലഹോമ ബ്രദറൺ സഭയുടെ ചുമതലയിൽ നവം. 16 ന് ആരംഭം കുറിച്ചു. സഹോദരന്മാരും യുവസഹോദരന്മാരുമായി 20 പേർ പങ്കെടുത്തു. Y.M.E.F. ന്റെ മുമ്പോട്ടുള്ള സുഗമമായ നടത്തിപ്പിനുവേണ്ടി പ്രസിഡന്റായി സഹോ. ജോർജ്ജ് വർഗീസ് പുതുക്കേരിയേയും, സെക്രട്ടറിയായി സഹോ. ഐസക് സാമുവലിനെയും ട്രഷററായി സഹോ. ജോർജ് തോമസിനെയും കോർഡിനേറ്റേഴ്സായി യുവസഹോദരന്മാരിൽ നിന്നും റെഞ്ചി മാത്യുവിനെയും ബെൻ വർഗ്ഗീസിനെയും തിരഞ്ഞെടുത്തു. യേശുക്രിസ്തുവിന്റെ മഹാനിയോഗം അനുസരിച്ച് അന്ധകാരം നിറഞ്ഞ ലോകത്തിലേക്ക്

---

IV. "യഹോവേ! നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല". ആരുടെ സാക്ഷ്യം?

V. യഹോവ ഏതെല്ലാം ഹൃദയങ്ങളെ പരിശോധിക്കുന്നു? എന്തെല്ലാം ആഗ്രഹിക്കുന്നു?

VI. ഹൃദയത്തിലെ രഹസ്യങ്ങളെ അറിയുന്നത് ആര്?

VII. യഹോവയായ ദൈവം1 ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന്ന് എന്തു കൊടുക്കുന്നു?

താഴെ പറയുന്ന അദ്ധ്യായങ്ങളിൽ മേൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആശയം ഉള്ള വാക്യങ്ങൾ ഒന്നിനു താഴെ ഒന്നായി കുറിച്ച് ആശയം എഴുതുക. മറ്റ് ഒത്തുവാക്യങ്ങൾ കണ്ടുപിടിച്ച് എഴുതുന്നതിനും പ്രത്യേകം മാർക്കുണ്ട്.

1 ശമു. 16, 1 രാജാ. 8, സദൃ. 5,6, യെശ. 66, യിര. 16, ലൂക്കോ. 16, റോമ. 8, എബ്രാ. 4

ഏവർക്കും ഉത്തരം എഴുതാം. എന്നാൽ ബൈബിൾ സ്കൂൾ/ കോളജ് അദ്ധ്യാപകർ, പൂർണ്ണസമയ സുവിശേഷകന്മാർ, വേദശാസ്ത്ര ബിരുദധാരികൾ, എന്നിവരുടെ മാർക്ക് പ്രസിദ്ധീകരിക്കുന്നതല്ല. സ്വന്ത കൈപ്പടയിൽ ഉത്തരം എഴുതണം. പൂർണ്ണ **വിലാസവും ഒപ്പും** നിർബന്ധം. പ്രശ്നാവലി നം. 103 ന്റെ ഉത്തരം അടുത്ത മാസികയിൽ ചേർക്കേണ്ടതിനാൽ 2009 ഏപ്രിൽ 10 വരെ കിട്ടുന്ന ഉത്തരം പരിഗണിക്കാം.

പ്രകാശം പരത്തേണ്ട ശ്രേഷ്ഠ ദൗത്യത്തെക്കുറിച്ച് അനുസ്മരിക്കുകയും അതിനായി സമൂഹത്തിലേക്ക് ഇറങ്ങി സുവിശേഷം അറിയിക്കുന്നതിനോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്യുവാൻ തീരുമാനിച്ചു. Y.M.E.F. ന്റെ പ്രവർത്തനം അനേകർക്ക് അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ പ്രാർത്ഥിച്ചാലും. എന്ന് നോയൽ ഡാനിയേൽ.

**കരിക്കറത്തല :** ഈ സ്ഥലത്ത് ഉണ്ടായിരുന്ന പഴയ വീട് പുതുക്കി 2008 ഡിസം. 22 - ന് സ്തോത്രാർപ്പണം ചെയ്യുവാൻ സാധിച്ചു. അയൽ സഭകളിൽ നിന്നും അനേക വിശ്വാസികൾ കടന്നു വന്നിരുന്നു. ഈ ആവശ്യത്തിലേക്ക് സഭയായും വ്യക്തിപരമായും സഹായിച്ച എല്ലാ ദൈവമക്കൾക്കും സഭയ്ക്കും ഞങ്ങളുടെ നന്ദിയെ അറിയിക്കുന്നു. തുടർന്ന് ഈ ആവശ്യത്തിലേക്ക് സംഭാവനകൾ അയയ്ക്കേണ്ടതില്ല എന്ന് അറിയിച്ചുകൊള്ളുന്നു. തുടർന്നും സഭയുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി ജി. മുരളി (ഇവാ.), മണിയൻ, ത്യാഗരാജൻ.

## മഹത്വത്തിൽ

**അടൂർ :** മൗണ്ട് കർമേൽ (ഉഴത്തിൽ) ഏബ്രഹാം തോമസ് (90) 17-1-09 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 23-1-09 ന് പന്നിവിഴ ബെഥേൽ ബ്രദ്റൺ സഭയുടെ ചുമതലയിൽ അനേകരുടെ അനുസ്മരണ ആശ്വാസ ദൂതുകൾക്കുശേഷം ബന്ധുമിത്രാദികളുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ സഭാവക സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ സംസ്കരിച്ചു. ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. (C.A.G.)

## കൺവൻഷൻ/ക്യാമ്പ്

**കുമ്പനാട് :** കുമ്പനാട് സെന്റർ സോദരീസമാജത്തിന്റെ ആഭിമുഖ്യത്തിൽ 12 വയസ്സിനുമേൽ പ്രായമുള്ള യുവസഹോദരിമാർക്കായി വർഷംതോറും നടത്തിവരാറുള്ള വിമൻസ് ബൈബിൾ ക്യാമ്പ് ഈ വർഷവും മാർച്ച് 30-ന് ഉച്ചകഴിഞ്ഞ് 3 മണി മുതൽ ഏപ്രിൽ 4 ശനിയാഴ്ച ഉച്ചയ്ക്ക് 1 മണി വരെ കുമ്പനാട് ബ്രദ്റൺ സഭാഹാളിൽവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 30 -ാം തീയതി 2 മണിക്ക് കുമ്പനാട് ബ്രദ്റൺ സഭാഹാളിൽ വന്നുചേരേണ്ടതാണ്. എന്ന് സോദരീസമാജത്തിനു വേണ്ടി സെക്രട്ടറി അച്ചാമ്മ മാത്യു.

### ബൈബിൾ ക്ലാസ്സുകൾ

**സ്ഥലം :** ബ്രദ്റൺ അസംബ്ലി ഹാൾ ചെങ്കൽച്ചൂള, പനവിള ജംഗ്ഷൻ

**സമയം :** എല്ലാ ചൊവ്വാഴ്ചയും 6.30 - 8.30 വരെ

ക്ലാസ്സെടുക്കുന്നവർ

ജോർജ്ജ് സി. വർഗ്ഗീസ്, സി.സി. ജേക്കബ്

പ്രാർത്ഥനാപൂർവ്വമായുള്ള സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. എന്ന് സഭയ്ക്കുവേണ്ടി എൽ. യോഹന്നാൻ, F.No. 11 ചെങ്കൽച്ചൂള, തിരുവനന്തപുരം

**അടൂർ - പരുത്തപ്പാറ :** 99-ാം സുവിശേഷ മഹായോഗം 2009 ഫെബ്രു. 10-15 വരെ പരുത്തപ്പാറ ബ്രദ്റൺ സഭാഹാൾ മൈതാനത്ത് നടക്കും. പ്രസംഗകരായി ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി, വർഗ്ഗീസ് കുര്യൻ, എന്നിവർ ഉണ്ടായിരിക്കും. യോഗാനുഗ്രഹങ്ങൾക്കായി ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. (കൺവൻഷൻ കമ്മറ്റി)

### ഏകദിന യുവജന സമ്മേളനം

ദൈവഹിതമായാൽ നമ്മുടെ സഭകളിലെ യുവജനങ്ങളുടെ സഹപാഠികളെ സുവിശേഷവൽക്കരിക്കുന്നതിനുവേണ്ടി ഒരു ഏകദിന സമ്മേളനം മാവേലിക്കര ബ്രദ്റൺ സഭയുടെ ആഭിമുഖ്യത്തിലും പരിസരങ്ങളിലുള്ള ബ്രദ്റൺ സഭകളുടെ സഹകരണത്തിലും 2009 ഫെബ്രു. 14 ശനിയാഴ്ച 9-1 വരെ മാവേലിക്കര ബിഷപ് ഹോഡ്ജസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ജോയി ജോൺ, ഡോ. കെ. സി. ജോൺസൺ, ബിനു സാമുവേൽ എന്നിവർ ലീഡേഴ്സ് ആയിരിക്കും. എന്ന് നൈനാൻ കെ. ഈശോ, പി.ഡി. പാപ്പി.

**പനവേലി :** പനവേലി ബ്രദ്റൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ 2009 ഫെബ്രു. 19-21 വരെ പനവേലി ജംഗ്ഷനിൽ സുവിശേഷ യോഗങ്ങൾ ഉണ്ടായിരിക്കും. ദാനിയേൽ വർഗ്ഗീസ്, പി.ജി. ജെയിംസ്, ഇട്ടി വർഗ്ഗീസ് മുതലായവർ ദൈവവചനം ശുശ്രൂഷിക്കും. ഡിവൈൻ ഹാർപ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. അനുഗ്രഹത്തിനും ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിനും പ്രാർത്ഥിക്കണമേ. എന്ന് സുവി. സാം. സഖറിയ.

### അടിവാരം

സ്ഥലം : അടിവാരം ബ്രദ്റൺ ഹാളിനു സമീപം തയ്യാറാക്കുന്ന പന്തൽ

സമയം : 2009 ഫെബ്രു. 19-22 വരെ എല്ലാ ദിവസവും വൈകിട്ട് 6 - 9 മണി വരെ.

പ്രസംഗകർ : പി.എസ്. തമ്പാൻ,

ഗാനശുശ്രൂഷ കാൽവറി വോയ്സ് അങ്കമാലി നിർവ്വഹിക്കുന്നതാണ്. എന്ന് സുവി. ഐ. സാമുവേൽ, ഗോസ്പൽ ഹോം പി.ഒ., അടിവാരം - 673586

**ബഥനി ബൈബിൾ സ്കൂൾ ക്യാമ്പ് :** 60-ാത് ബാച്ചിന്റെ ക്യാമ്പ് ഫെബ്രു. 2 - 4 വരെ കുട്ടനാട് വെളിയനാട് ഭാഗത്തും 5-8 വരെ ആലപ്പുഴയിൽ ചെട്ടികാട് എന്ന സ്ഥലത്തും നടത്തുന്നതായിരിക്കും. കുമ്പനാട് ബ്രദ്റൺ സഭയുടെയും വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെയും സഹകരണം ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കുന്നതാണ്. സെക്രട്ടറി.

## അഭ്യർത്ഥന

**ചെങ്കൽച്ചൂള :** സഹോ. ജോണി സെൽവി കുടുംബമായി കഴിഞ്ഞ 10 വർഷമായി ബ്രദ്റൺ കൂട്ടായ്മയിൽ നല്ല സാക്ഷ്യം പുലർത്തി വരുന്നവരാണ്. ചെങ്കൽച്ചൂള കോളനിയിൽ ഒരു ചെറിയ ഓലഷെഡ്ഡിലാണ് താമസം. ഇപ്പോൾ കോർപ്പറേഷൻ അധികാരികൾ എത്രയും വേഗം ഈ താല്ക്കാലിക ഷെഡ് പൊളിച്ചു മാറ്റി കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ഒരു ഭവനം ഇവർക്ക് അത്യാവശ്യമാണെന്ന് സഭയ്ക്കും ബോദ്ധ്യമുള്ളതാണ്. കൂലിപണി ചെയ്തു ജീവിക്കുന്ന ഇവർക്ക് മറ്റ യാതൊരു വരുമാനമാർഗ്ഗവും ഇല്ലാത്തതുകൊണ്ടും ഒരു ഭവനം അത്യാവശ്യമായി ലഭിക്കുവാൻ ദൈവമക്കളുടെ പ്രാർത്ഥനയും കൂട്ടായ്മയും നൽകി സഹായിക്കണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. തനിക്ക് സ്വന്തം അക്കൗണ്ട് ഇല്ലാത്തതിനാൽ തന്റെ സമ്മതത്തോടെ സുവിശേഷകന്റെ അക്കൗണ്ടു നമ്പർ SBT 57000810116. ശാന്തി നഗർ തിരുവനന്തപുരം. എന്ന് സുവി. എൽ. യോഹന്നാൻ, സക്കായി, ആന്റണി. വിലാസം ജോണി സെൽവി, രാജാജി നഗർ, F.No. 11 ചെങ്കൽച്ചൂള, തിരുവനന്തപുരം. ഫോൺ: 9249902971. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഇവർ സഹായം അർഹിക്കുന്നവരാണ്. എ.വി.ജോർജ്ജ്, ജോർജ്ജ് സി. വർഗ്ഗീസ്.

**കുലശേഖരം** : കന്യാകുമാരി ജില്ലയിൽ കൽക്കുളം താലൂക്കിൽ കുലശേഖരം എന്ന സ്ഥലത്ത് കഴിഞ്ഞ 3 വർഷമായി സുവിശേഷ പ്രവർത്തനം നടത്തിയതിന്റെ ഫലമായി അനേകർ രക്ഷിക്കപ്പെടുന്നതിനും ചിലർ സ്നാനപ്പെട്ട് വേർപെട്ട് പുതിയനിയമ മാതൃകയിൽ സഭാ കൂടിവരവ് ആരംഭിക്കുന്നതിനും ദൈവം കൃപ ചെയ്തു. 4 മെഡിക്കൽ കോളജുകളും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളുമുള്ള തെരക്കേറിയ പട്ടണമാണ് കുലശേഖരം. ഇപ്പോൾ സഭ കൂടിവരവുകൾ വാടകകെട്ടിടത്തിലാണ്. വളരെ നാളുകളായി ഇവിടെ സഭാഹാളും സെമിത്തേരിയും ഉണ്ടാകുവാൻ സഭയായി പ്രാർത്ഥിച്ചുവരുന്നു. നമുക്ക് ഹാളിനും സെമിത്തേരിക്കും അനുയോജ്യമായ 10 സെന്റ് സ്ഥലം കുലശേഖരം കോൺവെന്റ് ജംഗ്ഷനോടടുത്ത് സെന്റിന് 75000 രൂപ വിലയ്ക്ക് സ്റ്റുവാർഡ് അസോസിയേഷന്റെ പേരിൽ 2 മാസത്തിനകം വാങ്ങിക്കൊള്ളാമെന്ന് സമ്മതിച്ച് 25000 രൂപ അഡ്വാൻസ് കൊടുത്ത് കരാർ എഴുതിയിരിക്കുന്നു. ഇവിടെയുള്ള വിശ്വാസികൾ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും ഈ വലിയ ആവശ്യം നിർവ്വഹിക്കുവാൻ പ്രാപ്തിയില്ലാത്തവരുമാണ്. ആകയാൽ പ്രസ്തുത ആവശ്യത്തിനായി കുലശേഖരം ഇന്ത്യൻ ഓവർസീസ് ബാങ്കിൽ എസ്.ബി. 28624 നമ്പരായി സഭയുടെ ചുമതലപ്പെട്ട 3 സഹോദരന്മാരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ദൈവം നിങ്ങൾക്കു നൽകുന്ന പ്രേരണ അനുസരിച്ച് സാമ്പത്തിക കൂട്ടായ്മ നൽകി സഹായിക്കണമേ. സാമ്പത്തിക കൂട്ടായ്മ അയയ്ക്കുന്നവർ J. Vincent, Joint A/c No. 28624 Indian Overseas Bank Kulasekharam എന്നെഴുതി ചെക്കോ, ഡ്രാഫ്റ്റോ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. Brethren Assembly, C/o M.Rajesh, Kulasekharam P.O., Kanyakumari - 629161എന്ന് എം. രാജേഷ്, സതീഷ്, വിൻസെന്റ്, ജപദാസ്. മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യസന്ധമാണ്. കുലശേഖരത്ത് സെമിത്തേരിയും സഭാഹാളും അത്യാവശ്യമാണ്. Y. Jones, Representative, Stewards Association in India, Committee Member, V. Kuriakose (Joint Secretary), Stewards Association in India, Kerala Division.

## പുസ്തക പരിചയം

സുവി. കെ. വി ജോർജ്ജ് (പത്തനാപുരം) രചിച്ച് GLS പ്രസിദ്ധീകരിച്ച സത്യവേദസംഗ്രഹം എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷനിൽ വച്ച് സുവി. സാം സഖറിയ നിർവ്വഹിച്ചു.

വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിന്റെയും ഗ്രന്ഥകാരൻ, എഴുതിയ കാലം, ഉദ്ദേശ്യം, ഉള്ളടക്കം, പ്രശ്നഭാഗങ്ങളുടെ വിശദീകരണം, പ്രത്യേകതകൾ മുതലായവയൊക്കെ ദൈവശാസ്ത്രപരമായ ആധികാരികതയോടെയും ചരിത്രപരമായ കൃത്യതയോടെയും വിശദീകരിച്ചിരിക്കുന്ന ഒരു സമ്പൂർണ്ണ ബൈബിൾ സർവ്വേയാണ് സത്യവേദസംഗ്രഹം. വേദപുസ്തകത്തിനെതിരായി വിമർശകർ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങൾക്ക് ഈ ഗ്രന്ഥം സയുക്തികം മറുപടി നൽകിയിരിക്കുന്നു. ബൈബിൾ പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഒഴിവാക്കാനാവാത്ത അമൂല്യപഠനഗ്രന്ഥം. കോപ്പികൾ GLS ലും പ്രമുഖ പുസ്തകശാലകളിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് Gospel Literature Service, M.G.M. Towers, Opp. KSRTC, Pathanamthitta - 689 645, Tel : 0468 2221248.


RN.No. 36067/ 81

Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

If undelivered Please return to:

Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor